# Lourde Voice

# ലൂർദ്ദ് വോയ്സ്

MAY - JUNE 2023










## LOURDES FORANE CHURCH

GANDHIPURAM, COIMBATORE

www.lourdesforane.com

www. lourdematrimonial.com






Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BTI
BEETEX®
INDUSTRIES
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 1 | മെയ് – ജൂൺ 2023 | ലക്കം 8

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

**ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,**
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Joseph J Ariyappallil MCBS
Ph: 9446926203
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Mr. Poulose
Mr. P.J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. P.K Antony
Mr. C.G Antony
Mr. V.M Antony
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John FCC
PRO:
Mr. James M. A.
Ph: 9843316164

എഡിറ്റോറിയൽ

ഇടയമൊഴി

Vocations

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാവാർത്തകൾ

Catechism News

Kids Corner

Marian Knowledge





ബേബി ഡേവിസ്

## എഡിറ്റോറിയൽ

# ദൈവവിളി

ബൈബിളിൽ ദൈവവിളിയെ കുറിച്ചു നാം ധാരാളം വായിക്കുന്നുണ്ട്. ദൈവം ചില സമയങ്ങളിൽ പ്രത്യേക ആളുകളെ പ്രത്യേക സമൂഹ ങ്ങൾക്കുവേണ്ടി പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി വിളിക്കുന്നു, വേർതി രിക്കുന്നു, അനുഗ്രഹിക്കുന്നു, അഭിഷേകം ചെയ്യുന്നു, ഓരോ ശുശ്രൂഷകൾ ഏല്പിക്കുന്നു. വി. ഗ്രന്ഥത്തിലുടനീളം ദൈവം തിരഞ്ഞെ ടുത്ത മനുഷ്യരെ നമുക്കു ദർശിക്കാനാകും. അബ്രാഹത്തെ തിരഞ്ഞെ ടുക്കുന്ന ദൈവം അവനു നൽകുന്ന ഉറപ്പ് "നീ ഒരു അനുഗ്രഹമായി രിക്കും" എന്നതാണ്. ദൈവം ഇടപെടുന്ന ജീവിതങ്ങളൊക്കെ അനുഗ്ര ഹങ്ങളായി മാറും.

ഇന്നു നാം ചിന്തിക്കുമ്പോൾ എന്താണ് എന്റെ ദൈവവിളി? എന്തിലേ ക്കാണ് ദൈവം എന്നെ വിളിച്ചിരിക്കുന്നത്? തിരുസഭയിൽ നാലു പ്രധാന പ്പെട്ട വിളികളാണ് ഉള്ളത്. 1 കുടുംബ ജീവിതം 2. വൈദിക ജീവിതം 3 സന്യാസ ജീവിതം 4. ഏകസ്ഥ ജീവിതം. ഒരു വിളിയും മറ്റൊരു വിളി യുടെ മുകളിലല്ല. ദൈവമാണ് ഓരോ വിളിയിലേക്കും ആനയിക്കുന്നത്. ഓരോ ദൈവവിളിയുടെയും ലക്ഷ്യം ദൈവവുമായുള്ള ആഴമായ ബന്ധ ത്തിലേക്കു കടന്നുവരിക എന്നതാണ്.

ഒരു ദൈവവിളി ലഭിക്കുമ്പോൾ ആദ്യം നമ്മെ കുഴയ്ക്കുന്ന ഒരു ചിന്ത യാണ് ആദ്യം എനിക്ക് ഇതിനുള്ള യോഗ്യത ഉണ്ടോ എന്ന്. ദൈവവിളി ക്കുള്ള അടിസ്ഥാനം കർത്താവിന്റെ കൃപയാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു, വിശ്വസിക്കുന്നു. യോ.15:16 ൽ ഇങ്ങനെ പറയുന്നു. " നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തിരഞ്ഞെടു ക്കുകയാണ്".

ദൈവവിളി തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നുവയാണ് 1. വചനവായന, 2. മരിയ ഭക്തി, 3. കുടുംബം, 4. സമൂഹം, 5. വിശുദ്ധരുടെ ജീവചരിത്രങ്ങൾ.
അബ്രാഹത്തെ വിളിച്ച ദൈവം ഇന്ന് നമ്മെയും വിളിക്കുന്നുണ്ട്. ദൈവവുമായുള്ള ബന്ധം സ്ഥാപിക്കാൻ അവിടുത്തെ പദ്ധതികളുടെ ഭാഗമാകാൻ, തലമുറകൾക്ക് അനുഗ്രഹമാകാൻ അവിടുന്ന് നമ്മെ വിളിക്കുന്നു ദൈവത്തിന്റെ ഈ വിളിക്ക് പ്രത്യുത്തരം നൽകേണ്ട കാലമാണിത്. ദൈവവിളികൾ തിരിച്ചറിയുന്നതിൽ ഒരു പാട് പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് നമ്മെകുറിച്ചുള്ള അവിടുത്തെ പദ്ധതി മനസ്സിലാക്കുവാൻ നമുക്കു കഴിയണം.



# ഇടയമൊഴി

# അവധിക്കാലം ആഘോഷമാക്കാം



ഫാ. തോമസ് കാവുങ്കൽ
വികാരി

അവധിക്കാലം ഏറെ വൈവിധ്യത്തോടെ ആസ്വദിക്കുന്നവരാണ് പൊതുവിൽ മലയാളികൾ. ഇത് സംബന്ധിച്ച് വ്യക്തമായ പ്ലാനിംഗും നടത്തിയിരിക്കും. യാത്രകൾ, കൂടിച്ചേരലുകൾ, ആഘോഷങ്ങൾ, തിരുന്നാളുകൾ എന്നിങ്ങനെ നീളുന്നു ആ നിര. ഉറക്കത്തിലും, മൊബൈലിൽ കുത്തിയും, വെറുതേ ടി.വി കണ്ടും ചെലവിടേണ്ടതല്ല അവധിക്കാലം. ചുരുക്കിപ്പറഞ്ഞാൽ അവധിക്കാലം നമ്മെ കൂടുതൽ ക്രിയാശേഷിയുള്ളവരാക്കി മാറ്റണം. അവധിക്കാലം നമ്മെ കൂടുതൽ ഊർജ്ജസ്വലരാക്കുന്നതിനുപകരം, അലസരായി അല്പമെങ്കിലും ഊർജം ചോർത്തികളയുന്നുണ്ട്. അവധിക്കാലം എങ്ങനെ ആസ്വാദ്യകരമാക്കാം.

**1. പരസ്പരം സ്നേഹിക്കാം**

ഓരോ അവധിക്കാലവും നമ്മിൽ അവശേഷിപ്പിക്കേണ്ടത് മധുരതരമായ ഓർമ്മകളാണ്. സ്വന്തം കുടുംബത്തോടും ബന്ധുജനങ്ങളോടും സുഹൃത്തുക്കളോടും ഒപ്പം അവധിക്കാലം ചെലവിടുന്നത് സ്നേഹബന്ധങ്ങളെ ഊട്ടിയുറപ്പിക്കും എന്ന കാര്യത്തിൽ മറുവാദമില്ല. എന്നാൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെങ്കിൽ ബന്ധങ്ങളിൽ നികത്താനാവാത്ത പ്രയാസകരമായ വിള്ളലുകൾ വീഴ്ത്താനും അതിനു കഴിയും. നമ്മുടെ കൂടെയുള്ളവരോട് സ്നേഹവും പരിഗണനയും കാണിക്കുകയും, പരസ്പരം ബഹുമാനിക്കുകയും, ഓരോരുത്തരുടെയും താല്പര്യങ്ങൾ വ്യത്യസ്തമാണെന്ന് കരുതി അംഗീകരിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് സ്നേഹിക്കാൻ സാധിക്കുകയുള്ളൂ.

**2. ക്രിയാശേഷി വർദ്ധിപ്പിക്കാം**

ഓരോ അവധിക്കാലത്തും പുതിയ വാക്കുകൾ, പ്രയോഗങ്ങൾ, ആശയങ്ങൾ എന്നിവ പഠിക്കുക. തെറ്റായ ജീവിതശൈലികൊണ്ടു

ണ്ടാവുന്ന രോഗങ്ങളെക്കുറിച്ചും, അവയെ പ്രതിരോധിക്കാനുള്ള മാർഗ്ഗ ങ്ങളെക്കുറിച്ചും ചർച്ചചെയ്യുക, ആവശ്യം വേണ്ട വ്യായാമങ്ങൾ ഒരു ദിന ചര്യയുമാക്കാവുന്നതാണ്. അടുക്കള തോട്ടം പരിപാലിച്ചും പ്രകൃതിയോട് ഉൾച്ചേരാനുള്ള പരിശീലനവും ഈ അവധിക്കാലത്ത് നേടാവുന്നതാണ്.

**3.സ്വപ്നങ്ങളെ പുൽകാം**

ഭാവിയെ പറ്റിയുള്ള വലിയ സ്വപ്നങ്ങൾ കാണാനും പുത്തൻ തൊഴിലവസരങ്ങളെ സംബന്ധിച്ചു അറിയാനും, മനസ്സിലാക്കാനും അവ ധിക്കാലം ഉപയോഗിക്കാം. മികച്ച കരിയർ കണ്ടെത്താനും അതിനാവശ്യ മായ പഠന പ്രവേശന സാധ്യതകളും, സ്കോളർഷിപ്പുകളും കണ്ടെത്തി അവധിക്കാലത്തിന്റെ യഥാർത്ഥ ചൈതന്യം സ്വന്തമാക്കാം.

**4. അറിവിന്റെ ലോകം കീഴടക്കാം**

പുസ്തകങ്ങളിലൂടെയും പത്രമാസികകളിലൂടെയും അറിവിന്റെ പൊതുവിജ്ഞാനത്തിന്റെയും ലോകത്ത് വ്യാപരിക്കാൻ അവധിക്കാലത്ത് പരിശ്രമിക്കണം. പൗരബോധവും രാഷ്ട്രബോധവും ഒരാളുടെ അടി സ്ഥാന ചിന്തകളിൽ അഭിരമിക്കേണ്ട സാധ്യതകൾ പരിശീലിപ്പിക്കുന്നതി നുള്ള സാഹചര്യങ്ങൾ കൂടി ഈ അവധിക്കാലത്ത് ഉണ്ടാകണം. കഥകൾ, കവിതകൾ, മഹാന്മാരുടെയും വിശുദ്ധരുടെയും ജീവിതകഥകൾ എന്ന് വേണ്ട വായിക്കാൻ ഇഷ്ടമുള്ള ഏതു മേഖലയും വായിക്കാൻ സമയം കണ്ടെത്തണം.

അനുദിന വി. കുർബാന, ദൈവവചന വായന, പ്രാർത്ഥന എന്നിവ മുടങ്ങാതെ അവധിക്കാലത്ത് നടത്താം. കർമ്മ നിരതരായി ഊർജ്ജസ്വല രാകാനും, വർദ്ധിത വീര്യത്തോടെ അവധി ദിവസങ്ങൾ ഫലസമ്പുഷ്ടമാ ക്കാനും വിദ്യാർത്ഥി സമൂഹം ശ്രമിക്കണം. ഇക്കാര്യത്തിന് വിദ്യാർത്ഥി സമൂഹത്തെ പ്രാപ്തരാക്കാൻ രക്ഷിതാക്കളും മാതാപിതാക്കളും അവരെ പരിശീലിപ്പിക്കണം. അതിനുള്ള ശ്രമങ്ങൾ നമുക്ക് ഒരുമിച്ച് തുടരാം. അതി നുവേണ്ടത് നിതാന്തമായ ശ്രദ്ധയും പരിശീലനവുമാണ്.

നമുക്ക് ഒരുമിച്ച് മുന്നേറാം നല്ലൊരു നാളേക്കായ്.



# Vocations

**Fr. Joseph Ariyappallil MCBS**
Asst. Vicar

What is the difference between a vocation and a career? Career and vocation are very similar words and outside a Catholic setting they are used interchangeably which causes confusion because in our Church they are two distinctly different terms. A career is a way of making a living to sustain oneself and family which is generally grouped into a series of jobs. For instance, a person goes to college and graduates as an engineer. As the years pass, the engineer might progress from an engineer to a lead engineer, a subject matter expert, then a manager. This progression could have occurred over many years and speaks of the person's career.

A vocation is different. A vocation isn't so much a job but who the person is and more importantly it comes from God. Vocation comes from the Latin word “vocare” which means "to call." This call is found in Scripture as it states "Hear, O Israel! The Lord is our God, the Lord alone! Therefore, you shall love the Lord, your God, with your whole heart, and with your whole being, and with your whole strength" (Dt 6:4-5). We are all called to holiness and how this is played out in our lives is different. There are four different callings to our vocation: marriage, religious life, priesthood, and the single life. All of these callings are ordered to get us closer to God.

In a marriage the union is meant for each spouse to grow with each other and get each other to heaven. Religious life is a call to join a

community to build up the Kingdom of God. They are sisters, brothers, monks, or nuns but they all strive in a unique way to serve God through service and prayer. Men in religious life can also be ordained to the priesthood. The priesthood is a calling to serve God's people in a religious community or a diocese (archdiocese). A priest is not "better" than any other Catholic, but have a special role in leading the people in prayer and administering the sacraments. The single life is another way in which a person can live out their vocation. It is an opportunity for a man or women to use their time to serve God with the freedom they have that is characterized by the single life.

It is important to pray for all vocations, but in a special way pray for an increase of Priestley and religious vocations for e our diocese. There is a great need as "the harvest is abundant but the laborers are few; so, ask the master of the harvest to send out laborers for his harvest" (Mt 9:37-38).



# ഇടവക വാർത്തകൾ

**മാതാവിന്റെ വണക്കമാസം**

മെയ് 1-ാം തിയ്യതി മുതൽ മാതാവിന്റെ വണക്കമാസം ആരംഭിക്കുകയാണല്ലോ. എല്ലാ ദിവസവും മാതാവിന്റെ ചിത്രം അലങ്കരിച്ച് വണക്കമാസ പ്രാർത്ഥന നടത്താൻ എല്ലാ കുടുംബാംഗങ്ങളും പ്രത്യേക ഉത്സാഹം കാണിക്കുക. നല്ലമാതാവേ മരിയെ ഗാനം മറക്കരുത്. ദേവാലയത്തിൽ വി. കുർബാനക്ക് മുമ്പ് വണക്ക മാസ പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. മെയ് 22-ാം തിയ്യതി മുതൽ 31-ാം തിയ്യതി വരെ എല്ലാ ദിവസവും രാവിലെ 5:45 നു ജപമാല പ്രദക്ഷിണവും വണക്കമാസ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. ഏവരും പങ്കെടുക്കുമല്ലോ.

**നാമഹേതുക തിരുന്നാൾ പ്രാർത്ഥന ആശംസകൾ**

ജൂൺ 29-ാം തിയതി നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന നമ്മുടെ ഇടയനായ മാർ പോൾ ആലപ്പാട്ട് പിതാവിനും പാലക്കാട് രൂപത അദ്ധ്യക്ഷനായ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവിനും നാമഹേതുക തിരുന്നാൾ മംഗളങ്ങളും പ്രാർത്ഥന ആശംസകളും നേരുന്നു. നല്ലവനായ ദൈവം രണ്ട് ഇടയന്മാരെയും അനുഗ്രഹിക്കട്ടെ.

**സ്വർഗാരോഹണ തിരുന്നാൾ കടമുള്ള ദിവസം**

മെയ് 18-ാം തിയ്യതി കർത്താവിന്റെ സ്വർഗാരോഹണ തിരുന്നാൾ ആണല്ലോ. കടമുള്ള ദിവസമാണ് എല്ലാവരും വി. കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കണമെന്ന് ഓർപ്പെടുത്തുന്നു.

**മെയ് 28 പെന്തക്കുസ്താത്തിരുന്നാൾ**

ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവ് വന്നിറങ്ങി അവരെ ശക്തിപ്പെടുത്തിയതിനെ ഓർക്കുന്ന ദിവസമാണല്ലോ പെന്തക്കുസ്ത തിരുന്നാൾ. നമ്മുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. തിന്മകളിൽ നിന്ന്, ഭയത്തിൽ നിന്ന്, തകർച്ചകളിൽ നിന്ന് പരിശുദ്ധാത്മാവേ ഞങ്ങളെ ഉയർത്തണമേ. പരിശുദ്ധാത്മാവിന്റെ വരങ്ങളാലും ദാനങ്ങളാലും നമ്മുക്ക് നിറയാം.

**വൈദിക ജീവിത തുടർ പരിശീലനം**

സെന്റ് വിൻസെന്റ് ഡിപോൾ യൂണിറ്റ് അംഗമായ ചിറ്റാറ്റുകര സെൽവ രാജ്+ മർഗലി മകൻ Bro. ജെറിൻ ചിറ്റാറ്റുകര വൈദിക പരിശീലനത്തിന്റെ ഭാഗമായ Regency യിലേക്ക് കടന്നു. ഈസ്റ്റർ ദിവസം ഇടവകാംഗങ്ങൾ പ്രാർത്ഥിച്ച് അനുഗ്രഹിച്ചു ദൈവരാജ്യത്തിലെ നല്ല പുരോഹിതനായി തീരട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.



**SMYM അഭിനന്ദനങ്ങൾ**

ദുഃഖവെള്ളി, ഈസ്റ്ററിന്റെ ഭാഗമായി നമ്മുടെ ഇടവകയിലെ smym അംഗങ്ങൾ Tableau മനോഹരമായി ഒരുക്കി. ഇതിനുവേണ്ടി അക്ഷീണം അദ്ധ്വാനിച്ച ഭാരവാഹികൾക്കും, അവരോടൊപ്പം സഹകരിച്ച എല്ലാ വർക്കും, വാഹനങ്ങൾ വിട്ടുനൽകിയും, മേയ്ക്കപ്പിനു സഹായിച്ച ഏവർക്കും നന്ദി പറയുന്നു. അമ്മമാർക്കും കുട്ടികൾക്കും Xavi (Joy Alukkas) C.L. Jose, Shajan എന്നിവർക്കും നന്ദി. ഈസ്റ്റർ ദിവസം ഉത്ഥാനം Live ആയിട്ടാണ് നടത്തിയത്. ഇതിനോട് സഹകരിച്ചവർക്കും അനുമോദ നങ്ങൾ.

**മദർ തെരേസ പീസ് ഹോം**

ഈ വർഷത്തെ ഈസ്റ്റർ വി. കുർബാനയിലെ കാഴ്ച സമർപ്പണം മദർ തെരേസ പീസ് ഹോമിനു വേണ്ടിയുള്ളതായിരുന്നു 40000/ രൂപ പുതു തായി നിർമ്മാണത്തിൽ ആയിരിക്കുന്ന മദർ തെരേസ പീസ് ഹോമിനു നൽകുവാൻ തീരുമാനമായി. ഇതിനോട് സഹകരിച്ച ഏവർക്കും നന്ദി പറ യുന്നു.

**നോമ്പുകാല ത്യാഗം ദേവാലയ കടം വീട്ടുവാൻ**

ഈ വർഷത്തെ നോമ്പുകാല പരിത്യാഗ ചെപ്പ് ദേവാലയ കടബാദ്ധ്യത വീട്ടുവാനുള്ളതായിരുന്നു. ഇതിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ച എല്ലാ കുടുംബാംഗങ്ങൾക്കും, ഇത് collect ചെയ്യുവാൻ ഓടിനടന്ന കുടും ബ യൂണിറ്റ് ഭാരവാഹികൾക്കും നന്ദിയുടെ കൂപ്പുകൈ.

**SMYM സമ്മാനാർഹർ**

1. രൂപതതലത്തിൽ നടത്തപ്പെട്ട Logo competition Annet Rose രൂപത തല ത്തിൽ 2nd Prize ന് അർഹയായി അനുമോദനങ്ങൾ.

2. രൂപത തലത്തിൽ നടത്തപ്പെട്ട Basket Ball Match നമ്മുടെ smym ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി അഭിനന്ദനങ്ങൾ. ഇനിയും വരുന്ന എല്ലാ മത്സരങ്ങളിലും നന്നായി മത്സരിക്കാൻ ഈ സമ്മാനങ്ങൾ പ്രചോദനമാകട്ടെ.

**ഈശോയുടെ തിരുഹൃദയ വണക്കം**

ജൂൺമാസം ഈശോയുടെ തിരുഹൃദയവണക്ക മാസമാണല്ലോ വീടുക ളിൽ യേശുവിന്റെ തിരുഹൃദയ സ്വരൂപം മനോഹരമായി അലങ്കരിച്ച് തിരു ഹൃദയ പ്രതിഷ്ഠജപം ചൊല്ലി കുടുംബത്തെയും സ്ഥാപനത്തെയും നമുക്ക് പ്രതിഷ്ഠിക്കാം. ജൂൺ മാസത്തിൽ വീട് വെഞ്ചരിപ്പുകൾ ഉണ്ടായി രിക്കുന്നതാണ്.

Eparchial Assembly

രൂപതയുടെ പ്രഥമ രൂപതയോഗം ജൂൺ 9-ാം തിയ്യതി മുതൽ 11-ാം തിയ്യ വരെ പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. ഇതിന്റെ വിജയത്തിനായി പ്രാർത്ഥിക്കാം. ഒന്നിച്ചു ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കാം.

**വിശ്വാസ പരിശീലനം സമ്മാനദാനം**

2023 ഏപ്രിൽ 9-ാം തിയ്യതി വിശ്വാസപരിശീലന വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിച്ച കുട്ടികളെയും മുഴുവൻ ഹാജർ ലഭിച്ച കുട്ടികളെയും എല്ലാ അദ്ധ്യാപകരെയും ആദരിച്ച് സമ്മാനങ്ങൾ നൽകി. കൂടാതെ 50 ദിവസവും മുടങ്ങാതെ വി. കുർബാനക്ക് വന്ന കുട്ടികൾ Smym അംഗങ്ങൾ എന്നിവരെയും ആദരിച്ചു. ഏവർക്കും അഭിനന്ദനങ്ങൾ. ഏപ്രിൽ 12-ാം തിയ്യതി പി.ടി.എ അംഗങ്ങളെ ആദരിച്ചു.

**തീർത്ഥാടകർക്കു നന്ദി**

നോമ്പുകാലത്തിൽ മാതൃവേദി സംഘടിപ്പിച്ച 14 ദേവാലയ സന്ദർശനം പിതൃവേദി നയിച്ച മലയാറ്റൂർ തീർത്ഥാടനം, കൈക്കാരൻമാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സെഹിയോൻ തീർത്ഥാടനം ഇതിൽ പങ്കെടുത്ത് വിവിധ അനുഗ്രഹം പ്രാപിച്ച എല്ലാ ഭക്തജനങ്ങൾക്കും ഇതിനുനേതൃത്വം കൊടുത്ത എല്ലാവർക്കും സംഘടനക്കും പ്രത്യേക അനുമോദനങ്ങൾ

**സെന്റ് ബെർക്കുമാൻസ് ബുക്ക് സ്റ്റാൾ**

പെസഹാവ്യാഴാഴ്ച അൾത്താര ശുശ്രൂഷകർ ബുക്ക് സ്റ്റാൾ നടത്തിയത് വളരെ മനോഹരമായിരുന്നു. ഇതിനോട് സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.  ഇതോടൊപ്പം ഈ വർഷത്തെ പെസഹാ ദിവസം കാലുകഴുകൽ ശുശ്രൂഷയിൽ പങ്കെടുത്ത് 2023 ജനുവരി മുതൽ മാർച്ച് മാസം വരെ ഏറ്റവും കൂടുതൽ ദിവസം വി. കുർബാനയിൽ പങ്കെടുത്ത അൾത്താര ശുശ്രൂഷകരാണ്. 12 ശ്ലീഹന്മാർക്കും നന്ദിപറയുന്നു. ദേവാലയം ക്ലീൻ ചെയ്യാൻ സഹായിച്ച അൾത്താര ശുശ്രൂഷകർ ഒപ്പം തന്നെ എല്ലാ ബ്രദേഴ്സിനും ആനിമേറ്റർമാർക്കും നന്ദി പറയുന്നു.

**അദ്ധ്വാനിച്ച കരങ്ങൾക്കു നന്ദി**

ഈ വർഷത്തെ പീഢാനുഭവ വാരത്തോടനുബദ്ധിച്ച് എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിക്കാൻ അദ്ധ്വാനിച്ച ഏവർക്കും നന്ദിയുടെ നറുമലരുകൾ, അൾത്താരയും പൂക്കളും ഒരുക്കിയ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, കപ്യാർമാർ, ഗായകസംഘം, അൾത്താരസംഘം SMYM, മാതൃവേദി, Catechism Teachers, CML, പിതൃവേദി, കൈക്കാരന്മാർ, വിവിധകാര്യങ്ങൾ Sponosr ചെയ്തവർ, ദേവാലയം clean ചെയ്ത Mrs.Japamali, Rajesh

(Sound) Raffi Thomas (Panthal) പോലീസ് അധികാരികൾ, വാഹനങ്ങൾ വിട്ട് നൽകിയവർ കുടുംബയൂണിറ്റ്, സംഘടന ഭാരവാഹികൾ, ഓരോ സമയത്തു വിവിധ ശുശ്രൂകളിലൂടെ നമ്മെ സഹായിച്ച വൈദികർ ഏവർക്കു നന്ദിയുടെ നറു മലരുകൾ. ഉത്ഥിതനായ ഈശോ നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

**സായാന വചനവിരുന്ന്**

മാർച്ച് പന്ത്രണ്ടാം തീയതി ഞായറാഴ്ച സായാഹനത്തിലെ വിശുദ്ധ കുർബാനയോട് അനുബന്ധിച്ച് റവ. ഫാ. ജോർജി കാട്ടൂർ MCBS ന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും, വചന ശുശ്രൂഷയും, ആരാധനയും നടത്തി. പങ്കെടുത്ത ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.

Night Vigil

മാർച്ച് 24-ാം തിയതി വെള്ളിയാഴ്ച രാത്രി Night vigil നടത്തപ്പെട്ടു. രാത്രി 10 മണിക്ക് ആരംഭിച്ചു. റവ. ഫാ. ജസ്റ്റ്യൻ കോലൻകണ്ണി വചനശുശ്രൂഷ നടത്തി, Jesus youth ആരാധനയ്ക്ക് നേതൃത്വം നൽകി. കുരിശിന്റെ വഴിയും ജപമാലപ്രദക്ഷിണം, വിശുദ്ധ കുർബാനയും, ലഘു ഭക്ഷണവുമുണ്ടായിരുന്നു. പങ്കെടുത്ത എല്ലാവർക്കും വേറിട്ട അനുഭവമായി ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**അപ്പം മുറിക്കൽ ശുശ്രൂഷ**

ഈ വർഷത്തെ അപ്പം മുറിക്കൽ ശുശ്രൂഷ കുടുംബയൂണിറ്റുകളിൽ ഒരു വീട് തിരഞ്ഞെടുത്ത് അവിടെ വച്ച് നടത്തപ്പെട്ടു. വീടും പരിസരവും മറ്റ് സൗകര്യങ്ങളും വിട്ട് നൽകിയ എല്ലാ വീട്ടുകാർക്കും നന്ദി. അടുത്ത വർഷം മുതൽ അവരവരുടെ വീടുകളിൽ അപ്പം മുറിക്കൽ ശുശ്രൂഷ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**ദേവാലയ ശുദ്ധീകരണം**

ദേവാലയവും പരിസരവും മെയ്-ജൂൺ മാസത്തിൽ clean ചെയ്യേണ്ടത് St. Vincent de paul (May) St. John Maria Vianni (June) എന്നീ ക്രമത്തിലാണ്. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് ദേവാലയവും പരിസരവും ശുചിയാക്കുക.

**പിതൃവേദി പ്രാർത്ഥന**

പിതൃവേദിയുടെ മാസംതോറുമുള്ള മദ്ധ്യസ്ഥപ്രാർത്ഥന മെയ് മാസം 3-ാം തിയ്യതി ബുധനാഴ്ചയും ജൂൺമാസം 7-ാം തിയ്യതി ബുധനാഴ്ചയും ആയിരിക്കും. പിതൃവേദി അംഗങ്ങൾ മറക്കാതെ പങ്കെടുക്കുമല്ലോ.

**വിശ്വാസ പരിശീലന വർഷാരംഭം - 2023 ജൂൺ 4**

ജൂൺ മാസം വിശ്വാസ പരിശീലന വർഷം 2023 ജൂൺ 4 ന് ആരംഭിക്കുകയാണല്ലോ. LKG മുതൽ XII Std പഠിക്കുന്ന കുട്ടികൾ എല്ലാവരും വിശ്വാസ പരിശീലനം നടത്തുവാൻ താല്പര്യപൂർവ്വം മുന്നോട്ടുവരണം. അതിനുവേണ്ടി മാതാപിതാക്കൾ പ്രോത്സാഹനം കൊടുക്കുമല്ലോ.

**മെയ് 31 പ. കന്യകാ മറിയത്തിന്റെ സന്ദർശനം**

പ. കന്യകാ മറിയം ഏലീശ്വായെ സന്ദർശിക്കുന്ന ഓർമ്മയും വണക്കമാസ തിരുന്നാളും ആണല്ലോ. അന്നേ ദിവസം വൈകിട്ട് ആഘോഷമായ കുർബാനയും, ജപമാല പ്രദിക്ഷണവും, പാച്ചോറ് നേർച്ചയും മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.

**പ. കുർബാനയുടെ തിരുനാൾ**

ജൂൺ 8-ാം തിയ്യതി പ. കുർബാനയുടെ തിരുന്നാളും വി. മറിയം ത്രേസ്യയുടെ തിരുനാളും ആചരിക്കുകയാണല്ലോ. അന്നത്തെ ദിവസം 1 മണിക്കൂർ സമയം ആരാധന ചാപ്പലിൽ നമുക്ക് ചിലവഴിച്ച് നമ്മുടെ സങ്കടങ്ങൾ ദിവ്യ കാരുണ്യനാഥനോട് പങ്കുവെയ്ക്കാം. വി. മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യം നമുക്ക് തേടുകയും ചെയ്യാം.

**വി. അന്തോണിസിന്റെ തിരുന്നാൾ ജൂൺ-13**

അത്ഭുത പ്രവർത്തകനായ വി. അന്തോണിസിന്റെ  തിരുന്നാൾ ജൂൺ 13-ാം തിയ്യതി ആഘോഷിക്കുകയാണല്ലോ അന്തോണി നാമധാരികൾക്കും സെന്റ് ആന്റണി കുടുംബയൂണിറ്റിനും തിരുനാൾ ആശംസകൾ നേരുന്നു. വി. അന്തോണിസ്  നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

**ജൂൺ 16 ഈശോയുടെ തിരുഹൃദയ തിരുന്നാൾ**

നമ്മോടുള്ള സ്നേഹത്താൽ കുത്തിപ്പിളർക്കപ്പെട്ട ഈശോയുടെ തിരുഹൃദയം അവിടുത്തെ മുമ്പിൽ നമ്മെ പ്രതിഷ്ഠിച്ച് നമ്മുക്ക് അനുഗ്രഹങ്ങൾ പ്രാപിക്കാം. അന്നേ ദിവസം കുടുംബത്തിലും സ്ഥാപനങ്ങൾ, തൊഴിൽശാലകൾ, കച്ചവടസ്ഥാപനങ്ങൾ, കൃഷിഭൂമികൾ തിരുഹൃദയ പ്രതിഷ്ഠ നടത്താൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഏവർക്കും തിരുന്നാൾ ആശംസകൾ..

**വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ കടമുള്ള ദിവസം**

ജൂൺ 29 പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളാണ്. അന്ന് കടമുള്ള ദിവസമാണ്. എല്ലാവരും വി. കുർബാനയിൽ പങ്കെടുക്കണം. Peter, Paul, Poulose നാമധാരികൾക്കും St. Peter, St. Paul കുടുംബയൂണിറ്റി നും തിരുന്നാൾ ആശംസകൾ നേരുകയും ചെയ്യുന്നു.

**ആദ്യകുർബാന സ്വീകരണം - മെയ് 21**

ഇടവകയിൽ പത്തോളം കുട്ടികൾ മെയ് 21-ാം തീയതി ഞായറാഴ്ച ആഘോഷമായ ആദ്യകുർബാന സ്വീകരണം നടത്തുന്നു. ഈ തിരുകർമ്മങ്ങൾക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകുന്നു കുഞ്ഞുമക്കൾക്കായി നമുക്ക് പ്രാർത്ഥിക്കാം.

**പ്രവേശക കൂദാശ**

സെന്റ് ജോസഫ് യൂണിറ്റ് തറയിൽ ലിജോ + ഷാരോൺ ലിജോ മകൾ മിസ്റ്റിക്കാ (എലിസബത്ത്) ജനനം 28.11.22 പ്രവേശക കൂദാശകൾ 15.04.2023 ൽ സ്വീകരിച്ചു. പ്രാർത്ഥനാശംസകൾ.

**ആഘോഷമായ കുർബാന സ്വീകരണം**

തൈക്കാട്ടിൽ ജോൺപോൾ + റീമ ജോൺപോൾ മകൾ ജോവിയ ജോൺപോൾ 17.04.23 ൽ ആഘോഷമായ കുർബാന സ്വീകരണം നടത്തി. പ്രാർത്ഥനാശംസകൾ.

**വിവാഹിതരായി**

സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് ചാലിശ്ശേരി ജോൺസൺ + ഷീന മകൻ ആന്റണി ഡെഫ്രിൻ, തൃശ്ശൂർ അതിരൂപത കുറ്റൂർ മേരിമാത ഇടവക കണ്ണനായിക്കൽ കാഞ്ഞിരപ്പറമ്പിൽ ഐപ്പുണ്ണി + ജെസ്സി മകൾ എയ്ഞ്ചൽ റോസ് 26.04.23 വിവാഹമെന്ന കൂദാശ സ്വീകരിച്ചു. പ്രാർത്ഥനാശംസകൾ.

**നിത്യസമ്മാനത്തിനർഹരായി**

1. സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ് കുപ്പക്കാട്ടിൽ ത്രേസ്യാ (102) 04.03.23 ൽ ആത്മാവിനുവേണ്ട കൂദാശകൾ സ്വീകരിച്ച് നിത്യസമ്മാനർഹയായി. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം

2. സെന്റ് തോമസ് യൂണിറ്റ് ചിറ്റിലപ്പള്ളി അന്തപ്പൻ (80) ആത്മാവിനുവേണ്ട കൂദാശകൾ സ്വീകരിച്ച് 08.03.23-ൽ നിത്യസമ്മാനർഹനായി. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

3. സെന്റ് ജോസഫ് യൂണിറ്റ് ഇടക്കളത്തൂർ ജേക്കബ് ജാമി (65)13.03.23 -ൽ നിത്യസമ്മാനത്തിനർഹനായി. ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

4. സെന്റ് ആന്റണി യൂണിറ്റ് ചിറമേൽ ഫ്രാൻസീസ് (76) 27.03.2023-ൽ നിത്യസമ്മാനർഹനായി. ആത്മശാന്തിക്കായ് പ്രാർത്ഥിക്കാം.

5. സെന്റ് പീറ്റർ യൂണിറ്റ് പേരാമംഗലത്ത് സാലികുര്യപ്പൻ (76) ആത്മാവിന് വേണ്ട കൂദാശകൾ സ്വീകരിച്ച് 18.04.23 ൽ നിത്യസമ്മാനത്തിനർഹയായി. ആത്മ ശാന്തിക്കായി പ്രാർത്ഥിക്കാം.

# സംഘടനാവാർത്തകൾ

## പിതൃവേദി

**ഊട്ട് തിരുന്നാൾ**

വിശുദ്ധ യൗസേപ്പിതാവിന്റെ ഊട്ടു തിരുനാൾ മാർച്ച് മാസം 19-ന് ആഘോഷിക്കുകയുണ്ടായി . രാവിലെ എട്ടുമണിക്ക് കുരിശിന്റെ വഴിയും തുടർന്ന് വിശുദ്ധ യൗസേപ്പിതാവിന്റെ രൂപം വഹിച്ചുള്ള പ്രദിഷണവും നടത്തി. ഇടവക വികാരി ബഹുമാനപ്പെട്ട തോമസ് കാവുങ്കൽ അച്ചന്റെ നേതൃത്വത്തിൽ കൊച്ചച്ചൻ ജോസസഫ് ആര്യപ്പളിൽ, സിന്റോ വൈദ്യ ക്കാരൻ, ചാക്കോച്ചൻ വടക്കേ തലയ്ക്കൽ എന്നിവരുടെ സഹകാർമി കത്വത്തിൽ റാസ കുർബാന അർപ്പിച്ചു. തുടർന്ന് ഊട്ടു നേർച്ച വിതരണം നടത്തി. വിവിധ കമ്മിറ്റികൾ ആയും സ്പോൺസർമാരായും സഹായ സഹകരണങ്ങൾ ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഊട്ട് നേർച്ച കമ്മിറ്റി**

Reynold, Sunny Joseph, Johnson C D, Romeo Alocesius

**ഈസ്റ്റർ നോമ്പ് വീടൽ**

പിതൃവേദിയുടെ നേതൃത്വത്തിൽ ഈസ്റ്റർ നോമ്പ് വിടലിന് വേണ്ടി ബണ്ണും ഇറച്ചിക്കറിയും നൽകുകയുണ്ടായി. ഇതിനുവേണ്ടി പ്രവർത്തിച്ച കമ്മിറ്റി അംഗങ്ങൾക്കും (Reynold, Sunny joseph, Johnson C D, Romeo Alocesius) സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**മലയാറ്റൂർ തീർത്ഥാടനം**

പിതൃവേദിയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനത്തിന് സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. പ്രത്യേകമായി നേതൃത്വം കൊടുത്ത P D ബാബുവിന് നന്ദി അറിയിക്കുന്നു.

**നന്ദി**

കഴിഞ്ഞ മൂന്നു വർഷക്കാലം ഭാരവാഹികളായി പ്രവർത്തിച്ച K.L Johny, E.R George, A.G Shaju, P.D Babu, P.K Henson എന്നിവർക്കും executives നും പ്രത്യേകം നന്ദി അറിയിക്കുന്നു.

**പുതിയ ഭാരവാഹികൾ**

President - CL Jose, Vice president - Antony David , Secretary - Romeo Aloysius , Join secretary- Michael CC, Treasure - Sijo Jose Animator -Jose C.D എന്നിവർക്ക് അഭിനന്ദനങ്ങൾ ആശംസകൾ നേരുന്നു.

## Monthly prayer

മാസാദ്യ ബുധനാഴ്ചകളിൽ പിതൃവേദിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രാർത്ഥന കൂട്ടായ്മയിലേക്ക് ഇനിയും അൽമായർ ആത്മാർത്ഥതയോടുകൂടി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വരുന്ന മെയ് മൂന്നാം തിയ്യതിയും പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

## മാതൃവേദി ന്യൂസ്

**പുതിയ സാരഥികൾ**

2023-26 വർഷത്തേക്കുള്ള സംഘടനയുടെ പുതിയ ഭാരവാഹിത്വം മാർച്ച് 12-ാം തിയ്യതി ഏറ്റെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീമതി. ആൽഫ വിൻസന്റ് |
| വൈസ് പ്രസിഡന്റ് | - | ശ്രീമതി. റീനു മനിഷ് |
| സെക്രട്ടറി | - | ശ്രീ. ബേബി ഡേവീസ് |
| ജോ. സെക്രട്ടറി | - | ശ്രീ. അന്ന സണ്ണി |
| ട്രഷറർ | - | ശ്രീ. ഷീജ ബിനു |

**എക്സിക്യൂട്ടിവ് അംഗങ്ങൾ**

St. Alphonsa Unit- Mrs. Alphinsa Sani
St. Antony's Unit- Mrs. Ammu Antony
St. Francis Unit- Mrs. Shaiji Johnson
St. George Unit- Mrs. Stella Antony
St. Joseph Unit- Mrs. Mini Antony
St. John Mariya Viany Unit- Mrs. Rosy Jose
St. Mary's Unit- Mrs. Jomol Joseph
St. Paul Unit- Mrs. Bindhu Antony
St. Peter Unit- Mrs Lissy Joseph
St. Sebastian Unit- Mrs. Suncy Shaju
St. Thomas Unit- Mrs. Margreat Peter
St. Vincent depaul Unit- Mrs. Pushpa Jose.

**നാമഹേതുക തിരുനാൾ**

വി. യൗസേപിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ച ബഹു. ജോസഫ് അച്ചന് ഉപഹാരം നൽകുകയും, പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**കാരുണ്യ ഹസ്തവുമായ്.....**

തിരുപ്പൂർ മദർതെരേസ പീസ് ഹോമിലേക്ക് കുട്ടികളുടെ ആവശ്യങ്ങൾക്കായി Rs.15,000 രൂപ ബഹു. ആന്റണി കൂട്ടുങ്കൽ അച്ചനെ ഏൽപിച്ചു. സംഭാവന നൽകിയ എല്ലാവർക്കും നന്ദിരേഖപ്പെടുത്തുന്നു.

**ഊട്ടുതിരുന്നാൾ**

ഊട്ടുതിരുന്നാളിനോടനുബന്ധിച്ച് അമ്മമാർ വന്ന് പാത്രങ്ങൾ കഴുകുവാനും കായ്കറികൾ അരിയാനും ഭക്ഷണം വിളമ്പാനും സഹായിച്ചു.

സഹായിക്കുവാനായി കടന്നുവന്ന എല്ലാ അമ്മമാർക്കും നന്ദി പറയുന്നു.

**തീർത്ഥാടനം**

മാർച്ച് 22-ാം തിയ്യതി മാതൃവേദിയുടെ നേതൃത്വത്തിലുള്ള തീർത്ഥാടനം കാലത്ത് 5 മണിക്കുള്ള വി. കുർബാനക്കുശേഷം പുറപ്പെട്ട് വൈകീട്ട് 9 മണിക്ക് തിരിച്ചെത്തി. 50 പേർ തീർത്ഥാടന യാത്രയിൽ പങ്കെടുത്തു. എല്ലാ കാര്യങ്ങളും ക്രമീകരിച്ച ബഹു. കാവുങ്കൽ അച്ചനും മുൻ ഭാരവാഹി കൾക്കും നന്ദിയുടെ കൂപ്പുകൈ.

**തീർത്ഥാടനം നടത്തിയ ദേവാലയങ്ങൾ**

വടക്കഞ്ചേരി, പടിഞ്ഞാറേകോട്ട, ഒളരി, ചേറ്റുപുഴ, അരിമ്പൂർ, എറവ്, മണ ലൂർ, ഏനാമ്മാവ്, മുല്ലശ്ശേരി, പാവറട്ടി. പാലയൂർ, പറപ്പൂർ, ചിറ്റിലപ്പിള്ളി, അമല, പന്തലാംപാടം. ഈ സ്ഥലങ്ങളിലെ ദേവാലയങ്ങൾ സന്ദർശിച്ചു.

**അഭിനന്ദനങ്ങൾ**

ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിയിലെ Tablow പങ്കെടുത്ത Mrs Pushpa Jose, Mrs Shini fedric, Mrs Rani Praksh എന്നിവർക്കു നന്ദിയും അഭിനന്ദന ങ്ങളും

**ആരാധന**

പെസഹാവ്യാഴാഴ്ച മാതൃവേദിയുടെ നേതൃത്വത്തിൽ ഭാരവാഹികൾ ആരാധന നയിച്ചു. ആരാധനയിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും നന്ദി അറിയിക്കുന്നു.

**നല്ലമാതാവേ.. മരിയേ....**

മെയ് മാസം വണക്കമാസ പ്രാർത്ഥന എല്ലാ അമ്മമാരും ഭവനങ്ങളിൽ കുടുംബ പ്രാർത്ഥനക്കുശേഷം ചൊല്ലി പ്രാർത്ഥിച്ച് നല്ലമാതാവിന്റെ പാട്ടു പാടി നമ്മുടെ മക്കൾക്ക് മാതൃക കാണിച്ചുകൊടുക്കുമല്ലോ. പാരമ്പര്യ ങ്ങൾ കൈമോശം കൈവന്നിരിക്കുന്ന ഈ കാലഘട്ടങ്ങളിൽ തീർച്ച യായും അമ്മമാർ മക്കൾക്ക് പറഞ്ഞുകൊടുക്കുവാൻ പരിശ്രമിക്കുമല്ലോ.

മെയ്മാസം 22-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ കാലത്ത് 5.45 ന് ജപ മാല പ്രദക്ഷിണവും, വി. കുർബാനയും, 31-ാം തിയ്യതി വൈകിട്ട് ജപമാല പ്രദക്ഷിണവും, വി. കുർബാനയും, നേർച്ച പാച്ചോറും ഉണ്ടായിരിക്കുന്ന താണ്. എല്ലാ അമ്മമാരുടെയും സാന്നിധ്യം ഈ ദിവസങ്ങളിൽ പ്രതിക്ഷി ക്കുന്നു.

**കുരിശിന്റെ വഴി**

നോമ്പുകാല വ്യാഴാഴ്ചകളിൽ ദേവാലയം ചുറ്റി അമ്മമാർ കുരിശിന്റെ വഴി നടത്തി. കുരിശിന്റെ വഴിയിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും നന്ദി പറ യുന്നു.

# യുവജനവാർത്തകൾ SMYM

## Youth Catechism

12.3.2023–ൽ യുവജനങ്ങൾക്കായുള്ള youth catechism ക്ലാസ്സ് നടത്തുകയും ഇതിന് ഫാ. തോമസ് കാവുങ്കലച്ചൻ ക്ലാസ്സിന് നേതൃത്വം നൽകുകയും ചെയ്തു. ഏകദേശം 65 യുവജനങ്ങൾ സംബന്ധിച്ചു. സഹകരിച്ച എല്ലാ വർക്കും നന്ദി.

**നോമ്പുകാലത്തെ വലിയ ആഴ്ചയിൽ യുവജനപങ്കാളിത്തം**

നോമ്പുകാലത്തെ, പെസഹവ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ എന്നീ ദിവസ ങ്ങളിൽ യുവജനങ്ങളുടെ സാന്നിദ്ധ്യം സഹകരണവും ഇടവകയിൽ നിറ ഞ്ഞുനിന്നിരുന്നു. പ്രത്യേകിച്ച് ദുഃഖവെള്ളിയാഴ്ചയിലെ കുരിശിന്റെ വഴി യിൽ ഈശോയുടെ പീഢാനുഭവചരിത്രം അനുസ്മരിച്ചുകൊണ്ടുള്ള Tableau യുവജനങ്ങൾ വളരെ മനോഹരമായി അവതരിപ്പിക്കുകയും ജന ഹൃദയങ്ങളെ ആകർഷിക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചനും, കൊച്ചച്ചനും, SMYM സംഘടനയിലെ ഭാരവാഹി കൾക്കും ഇതിനുവേണ്ടി അദ്ധ്വാനിച്ച എല്ലാവർക്കും ഒത്തിരിയേറെ നന്ദിയും അഭിനന്ദനങ്ങളും.

**ഈസ്റ്റർ ആശംസകൾ**

ഈസ്റ്റർ ദിനത്തിൽ യുവജനങ്ങൾ കല്ലറ ഉണ്ടാക്കുകയും ഉയിർപ്പ് ലൈവ് ആയി അവതരിപ്പിച്ച് ഉത്ഥിതനായ ഈശോയുടെ സമാധാനം ആശംസി ച്ചത് വളരെ ഹൃദയസ്പർശമായിരുന്നു. ഇതിന് നേതൃത്വം നൽകിയ SMYM സംഘടനയിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**ലോഗോ മത്സരം**

രൂപതാടിസ്ഥാനത്തിൽ നടന്ന ലോഗോ മത്സരത്തിൽ അനറ്റ് റോസ് രണ്ടാ സ്ഥാനം കരസ്ഥമാക്കി. അനറ്റിന് അഭിനന്ദനങ്ങൾ.

**Basket Ball Tournament മത്സരം**

രൂപതാടിസ്ഥാനത്തിൽ നടന്ന Basket Ball Tournmet മത്സരത്തിൽ യുവജ നങ്ങൾ മൂന്നാംസ്ഥാനം കരസ്ഥമാക്കി. സഹകരിച്ച എല്ലാ യുവജന ങ്ങൾക്കും അഭിനന്ദനങ്ങളും നന്ദിയും.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**മെയ് 2023**

01 തൊഴിലാളി മദ്ധ്യസ്ഥനായ വി. ഔസേപ്പ്
02 വി. അത്തനോഷ്യസ്
03 വി.പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ
05 ആദ്യവെള്ളി
06 വി.ഡൊമിനിക്ക് സാവിയോ
07 മാർ അദ്ദായി
13 മത്തിയാസ് ശ്ലീഹാ
15 വിളവുകളുടെ സംരക്ഷകയായ പരി. കന്യകാമറിയം
18 നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം
28 പന്തക്കുസ്താത്തിരുനാൾ
31 പരിശുദ്ധകന്യാമറിയത്തിന്റെ സന്ദർശനം

**ജൂൺ 2023**

01 വി. ജസ്റ്റിൻ
02 ആദ്യവെള്ളി (സ്വർണ്ണവെള്ളി)
04 പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
വിശ്വാസപരിശീലന വർഷാരംഭം
08 പരിശുദ്ധ കുർബാനയുടെ തിരുനാൾ
വി. മറിയം ത്രേസ്യ
09 മാർ അപ്രേം
10 ബർണ്ണബാസ് ശ്ലീഹാ
13 പാദുവായിലെ വി. അന്തോണീസ്
17 മാതാവിന്റെ വിമലഹൃദയം
22 വി. ജോൺഫിഷർ, വി.തോമസ് മൂർ
24 വി.യോഹന്നാൻ മാംദാനയുടെ ജനനം
28 വി. ഇരണേവൂസ്
29 വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ

# സഭാ വാർത്തകൾ

1. ആഗോള കത്തോലിക്കാ സഭയുടെ പരമാധികാരിയായി ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടിട്ട് 10 വർഷം പൂർത്തിയായി. 2013 മാർച്ച് 13-നാണ് അർജന്റീനയിലെ ബ്യൂണസ് ഐറിസ് അതിരൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന കർദ്ദിനാൾ ജോർജ് മാരിയോ ബർഗോളിയോ പത്രോസിന്റെ പരമോന്നത സിംഹാസനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1282 വർഷത്തിനുശേഷം ആദ്യമായി യൂറോപ്പിനു പുറത്തു നിന്ന് മാർപാപ്പയായ വ്യക്തി, ലാറ്റിനമേരിക്കയിൽനിന്ന് ആദ്യമായി മാർപാപ്പയാകുന്ന വ്യക്തി, ഈശോസഭയിൽനിന്നുള്ള ആദ്യത്തെ മാർപാപ്പ തുടങ്ങീ ഒട്ടേറെ സവിശേഷതകളുമായാണ് ഫ്രാൻസിസ് പാപ്പ അന്നു പരമാധ്യക്ഷനായി അവരോധിതനായത്.

2. ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായി സ്ഥാനമേറ്റ് 10 വർഷം പൂർത്തിയാകുമ്പോഴേക്കും ഫ്രാൻസിസ് പാപ്പ സഞ്ചരിച്ചത് 2,55,000 മൈലുകൾ- അതായത് 4,10,382 കിലോമീറ്റർ. ഭൂമിയിൽ നിന്ന് ചന്ദ്രനിലേയ്ക്കുള്ള ദൂരത്തിലും അധികമാണിത്. ഭൂമിയിൽനിന്ന് ചന്ദ്രനിലേക്കുള്ള ശരാശരി ദൂരം 3,84,400 കിലോമീറ്ററാണ്. ഇക്കാലയളവിൽ 911 പേരെയാണ് പാപ്പ വിശുദ്ധരുടെ നിരയിലേക്ക് ഉയർത്തിയത്. കർദിനാൾ തിരസംഘത്തിൽ നിലവിലുള്ള 233 കർദിനാൾമാരിൽ 111 പേരെ നാമനിർദേശം ചെയ്തതും ഫ്രാൻസിസ് പാപ്പയാണ്.

3. ആഗോള സിനഡ് സംഘാടകനായ കർദ്ദിനാൾ ജീൻ-ക്ലോഡ് ഹോളറിച്ചും, കനേഡിയൻ കർദ്ദിനാൾ ജെറാൾഡ് സി. ലാക്രോയിക്സും ഉൾപ്പെടെ പുതിയ 5 കർദ്ദിനാളുമാരെ ഫ്രാൻസിസ് പാപ്പ ഉപദേശ സമിതി അംഗങ്ങളായി നിയമിച്ചു. ഇവർക്ക് പുറമേ, ബ്രസീലിയൻ കർദ്ദിനാൾ സെർജിയോ ഡാ റോച്ച, സ്പാനിഷ് കർദ്ദിനാൾ ജുവാൻ ജോസ് ഒമെല്ല, വത്തിക്കാൻ സിറ്റി സ്റ്റേറ്റ് ഗവർണറേറ്റിന്റെ പ്രസിഡന്റായ കർദ്ദിനാൾ ഫെർണാണ്ടോ വെർഗെസ് അൽസാഗ എന്നിവരാണ് പാപ്പയുടെ കർദ്ദിനാൾ ഉപദേശക സമിതിയിലേക്ക് പുതുതായി നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നത്.

4. പൗരസ്ത്യ സഭാ കാര്യാലയത്തിന്റെ സെക്രട്ടറിയായി മാരോണൈറ്റ് സഭാംഗമായ ഫാ. മൈക്കിൾ ജലഖിനെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. ലെബനോനിലെ ബാബ്ദയിലുള്ള അന്റോണൈൻ യൂണിവേഴ്സിറ്റിയുടെ റെക്ടറായി സേവനം ചെയ്തു വരികയായിരിന്നു അദ്ദേഹം. കഴിഞ്ഞ വർഷം നവംബർ 21-ന് ഫ്രാൻസിസ് മാർപാപ്പ, പൗരസ്ത്യ സഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പുതിയ പ്രീഫെക്ടായി ആർച്ച് ബിഷപ്പ് ക്ലോഡിയോ ഗുഗെറോട്ടിയെ നിയമിച്ചിരുന്നു.. ആർച്ച് ബിഷപ്പ് ക്ലോഡിയോയോടൊപ്പമാണ് 23 പൗരസ്ത്യ സഭകളുടെ ഉത്തരവാദിത്വം ഫാ. മൈക്കിൾ ജലഖ് നിർവ്വഹിക്കേണ്ടത്.

5. നൈജീരിയയിൽ നിന്നുള്ള ആർച്ച് ബിഷപ്പ് ഫോർത്തുണാത്തൂസ് ന്വചുക്വുവിനെ സുവിശേഷവത്കരണത്തിനായുള്ള ഡിക്കാസ്റ്ററിയുടെ സെക്രട്ടറിയായി ഫ്രാൻസിസ് പാപ്പ നിയമിച്ചു. ഡിക്കസ്റ്ററിയിലെ നവ സുവിശേഷവത്കരണത്തിനും, വ്യക്തിഗത സഭകൾക്കും വേണ്ടിയുള്ള വിഭാഗത്തിലായിരിക്കും അദ്ദേഹം സേവനമനുഷ്ഠിക്കുക. 2021 ഡിസംബർ മുതൽ ഐക്യരാഷ്ട്രസഭയിലേക്കും വേൾഡ് ട്രേഡ് ഓർഗനൈസേഷനിലും വത്തിക്കാന്റെ സ്ഥിരം നിരീക്ഷകനായി സേവനം ചെയ്തു വരുന്നതിനിടെയാണ് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തിന് ഈ പുതിയ നിയോഗം നൽകിയിരിക്കുന്നത്.

6. ഈ വർഷം ഒക്ടോബറിൽ റോമിൽ ആരംഭിക്കുന്ന സിനഡിനൊരുക്കമായി ഏഷ്യൻ ഭൂഖണ്ഡാടിസ്ഥാനത്തിലുള്ള അസംബ്ലി ബാങ്കോക്ക് അതിരൂപതയുടെ പാസ്റ്ററൽ ട്രെയിനിംഗ് സെന്ററിൽ നടന്നു. രൂപതാ, ദേശീയതലത്തിലുള്ള ചർച്ചാസമ്മേളനങ്ങൾക്കുശേഷം നടക്കുന്ന ഈ അസംബ്ലിയിൽ 29 രാജ്യങ്ങളിൽ നിന്നുള്ള 17 മെത്രാൻ സമിതികളുടെയും രണ്ടു മെത്രാൻ സിനഡുകളുടെയും പ്രതിനിധികളായി 80 പേർ സംബന്ധിച്ചു. സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് മാർ ജോർജ്ജ് ആലഞ്ചേരിയെക്കൂടാതെ റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ (സീറോ മലബാർ ഡോനൽ കമ്മീഷൻ സെക്രട്ടറി), ശ്രീമതി കൊച്ചുറാണി ജോസഫ് (സഭാ വക്താവ്) എന്നിവർ പങ്കെടുത്തു.

7. കെസിവൈഎം സംസ്ഥാന പ്രസിഡന്റായി തിരുവനന്തപുരം മലങ്കര മേജർ അതിഭദ്രാസനത്തിൽ നിന്നുള്ള ഷാരോൺ കെ. റെജി തെരഞ്ഞെടുക്കപ്പെട്ടു. നെയ്യാറ്റിൻകര രൂപതാംഗമായ ജോജി ടെന്നിസനാണ് ജനറൽ സെക്രട്ടറി. വൈസ് പ്രസിഡന്റുമാരായി ലിബിൻ മുരിങ്ങലത്ത്

ജൂൺ 29 ന്

നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന

ബഹു. മാർ പോൾ ആലപ്പാട്ട് പിതാവിനും

ബഹു. മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനും

ഗാന്ധിപുരം ഇടവകയുടെ

പ്രാർത്ഥനാശംസകൾ






Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800

E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej | CP PLUS Intelligent Security Systems | alhua TECHNOLOGY | HIKVISION | Ravel | DSC
SIEMENS | ERREKA | Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION







TAJ STICKERS






























C.C.INASU
Cell: 94429 36136
93632 60818
rubystudio1971@gmail.com
ரூபி ஸ்டுடியோ
RUBY
STUDIO
PHOTO'S & VIDEO'S
291 B, AVINASHI ROAD, (NEAR FUN MALL) PEELAMEDU, COIMBATORE-64100
Candid Photos
Candid Videos
Photo Lamination
ALL ; Photo & Video
Needs

# HAPPY
## FIRST WEDDING ANNIVERSARY

Congrats on completing the first
year of your marriage with lots of
love and happiness on
08/05/2023.

- A J Winson & Family



Suraj & Jincy


BHAARATH ™

Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778

**BHAARATH ELECTRICAL INDUSTRY**



78, New Scheme Road, P.N. Palayam,
Coimbatore - 641 037















## 10th YEAR OF REMEMBRANCE



# SIJI SHAJAN

MELIT HOUSE,St.JOSEPH UNIT
RATHINAPURI,COIMBATORE.

BORN:11.05.1976 DIED: 10.06.2013

**DEEPLY MOURNED BY**

**SHAJAN THOMAS**
**SON: MELVIN M.SHAJAN**
**DAUGHTER: MERLIN M.SHAJAN &**
**OTHER FAMILY MEMBERS**

## 2nd Year Death Anniversary
## 26.05.2023





# Mrs. Mary Jose

**Thattil House**
**35, Thiruvalluvar Street, Rathinapuri -27**
**St. Vincent De Paul Unit**

**Birth : 14.06.1943** **Death : 26.05.2021**

*"We believe that Jesus died and rose again, even so, through Jesus, God will bring with him those who have died".*
*1 Thessalomians 4:14*

*By Sorrowing Family*



# 1st Death Anniversary

*Her ways are ways of pleasantness and all her path are peace (Proverbs 3:7)*




# Lizzy Joseph Babu


**Born: 08.07.1967** **Death: 20.6.2022**

*Lived throughout committed for the upliftment of her family.*

## Sorrwinng family members

**Y.Joseph Babu, K.J.Catheymino**
**Anubamshajan, K.J.Carol Henna**


41st Day of Remembrance
"The Lord Turns his face towards you and give you peace" (Num 6:26)
Born : 24.03.1947
Died : 27.03.2023
Sorrowing Family members
Wife - C.M Seleena
Son - C.F Savier
Daughter - Stella Antony
S/L - P.J Antony
Grand child - P.A Ansiya
CM FRANCIS
Chiramel House


1st Year anniversary
Jesus said to her, "I am the resurrection and the life. Anyone who believes in me will live, even if he dies (Joh 11:25)
Mrs. Gracy Moses
Paruthivilakathu "Rejis Bhavan"
Born : 18.08.1947 Died : 01.05.2022
Sorrowing Family
Mr. Anthony & Family, Mr. Milton Reji & Family
Mr. Sebastian Reji & Family, Mr. Johnson Reji & Family





# 4th Death Anniversary

## AMMINI JOSE

**Kidangan House**

**D.O.D : 22.05.2019**

**St. Vincent De Paul Unit**
**Rathinapuri**

*Sorrowing Family Members*
*K.A. Jose*

*Mrs. Omana Raphael & Family*
*Mrs. Beena Nelson & Family*
*Mrs. Baby Shajan & Family*
*Mr. Babu Jose & Family*

# 4-ാം ചരമ വാർഷികം



## മേരി അന്തോണി

കുണ്ടുകുളങ്ങര ഹൗസ്

| ജനനം | മരണം |
|---|---|
| 05. 11 .1939 | 28. 06. 2019 |

39-B, Mary Bhavanam, Checkan Thottam,
Ganapathy, Coimbatore - 641 006.

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

Daisy, Joy, Josephina, Lilly, Thomas Prabhu
Reshmi, Babu, Ouseph, Rani
Jomon, Anit, Livin, Lini, Sherin, Anto

# Eden Boutique

Sowmya: 9994448097



Specialist on all kinds of bridal bouquets, Welcome bouquets, Net and satin garlands, Holy communion candles ,tiara ,veil and pocket broches, Baptism sets, bride's Maids/flower girls bouquets and wreaths.


JOS ALUKKAS
A TRADITION OF FINE JEWELLERY
சில உறவுகள் தைரியம் தரும்
SHUBHA
MANGALYAM
2023
Seasons new wedding collection
Push360
COIMBATORE: 100 Feet Road, Ph: 0422-2491916
Shop online at www.josalukkasonline.com
ஜோஸ் ஆலுக்காஸ்
TAMIL NADU | KERALA | PUDUCHERRY | KARNATAKA | ANDHRA PRADESH | TELANGANA



# 40th Day of Remembrance

**27th May 2023**



# Sali Kuriappan

**Peramangalath house**
**W/o late P.L Kuriappan**

**Birth : 16.10.1947** **Death : 18.04.2023**

*Sorrowing Family members*

**P.K Henson** **Julie Henson**
**P.K Hinson** **Smitha Hinson**
**Antony Antrin, Ann Maria, Eza Maria**
**and other Family members**
**Ph: 9442629152, 9843079152**


RYJU. A.J

98946 55227

XFORD SYSTEMS
— SMART COMPUTER SOLUTIONS —





**DESKTOP / LAPTOP / PROJECTOR**
• Sales • Service • Accessories
Battery / Keyboard / Screen / Software / Speed Upgradation
and Genuine Spares with Warranty

69, SRP Annexe , MTP Road (Opp. KVB Bank),
Kavundampalayam, Coimbatore - 30.
**Phone : 0422 4399566, 2431048, 98946 55227, 98943 75585**
Mail : xfordsystems@gmail.com

**IMPORTED USED LAPTOPS (i5 / i7)**
Premium Quality and Affordable Price

**SMART CLASSROOM AND SMART BOARD 65" / 75" / 86"**
3 yrs Warranty / Service Support

**SCHOOL**
**OFFICE**
Teaching | Training | Presentation

**www.xfordsystems.co.in** **SINCE - 2005**

(ഇരിങ്ങാലക്കുട രൂപത), ഗ്രാലിയ അന്ന അലക്സ് (മാനന്തവാടി രൂപത) സെക്രട്ടറിമാരായി ഷിബിൻ ഷാജി (മാവേലിക്കര ഭദ്രാസനം), ഫെബിന ഫെലിക്സ് (കണ്ണൂർ രൂപത), അനു ഫ്രാൻസിസ് (കോതമംഗലം രൂപത), മറിയം ടി തോമസ് (തിരുവല്ല അതിഭദ്രാസനം) ട്രഷററായി എസ്. ഫ്രാൻസിസ് (സുൽത്താൻപേട്ട് രൂപത) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

8. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ ലേബർ കമ്മീഷൻ സെക്രട്ടറിയായി തൃശൂർ അതിരൂപതാംഗം ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ നിയമിതനായി. അസംഘടിത തൊഴിലാളികളുടെ ദേശീയ സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ ഡയറക്ടറായും ഇദ്ദേഹം പ്രവർത്തിക്കും. ഡൽഹിയിലെ സിബിസിഐ ആസ്ഥാനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഞ്ച് ദേശീയ തൊഴിലാളി പ്രസ്ഥാനങ്ങളുടെയും റിജിയൺ തലത്തിലുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ദേശീയ ഫെഡറേഷനാണ് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ.

9. കൊല്ലം രൂപതയുടെ മുൻ മെത്രാനായിരുന്ന ബിഷപ്പ് ജോസഫ് ഗബ്രിയേൽ ഫെർണാണ്ടസ് കാലംചെയ്തു. 97 വയസ്സായിരിന്നു. കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ (കെസിബിസി) വൈസ് പ്രസിഡന്റ്, സിബിസിഐ ഹെൽത്ത് കമ്മീഷൻ ചെയർമാൻ, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയുടെ എപ്പിസ്കോപ്പൽ കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

10. കോട്ടയം വടവാതൂരിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസിന്റെ (പൗരസ്ത്യ വിദ്യാപീഠം) പ്രസിഡന്റായി ഇടുക്കി രൂപതാംഗവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെയും പൗരസ്ത്യ വിദ്യാപീഠത്തിലെയും പ്രഫസറുമായ റവ. ഡോ. പോളി മണിയാട്ട് നിയമിതനായി. റവ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ വിരമിച്ചതിനാലാണ് പൗരസ്ത്യ സുറിയാനി ആരാധന ക്രമപഠനത്തിൽ അറിയപ്പെടുന്ന പണ്ഡിതനും ഗ്രന്ഥകാരനുമായ റവ. ഡോ. പോളി മണിയാട്ടിന് പുതിയ നിയമനം ലഭിച്ചത്.

10. ആത്മീയചിന്തകനും ഗ്രന്ഥകാരനും പ്രഭാഷകനുമായ സാധു ഇട്ടിയവിര അന്തരിച്ചു. 101-ാം ജന്മദിനത്തിന് രണ്ടു ദിവസം ശേഷിക്കെയാണ് വിയോഗം. കോതമംഗലം താലൂക്കിലെ കുറ്റിലഞ്ഞി എന്ന ഗ്രാമത്തിൽ നിന്നും വളർന്ന് ലോകമാകെ സഞ്ചരിച്ച് ആത്മീയ പ്രബോധനം നടത്തി പ്രശസ്തനായിമാറിയ സാധു ഇട്ടിയവിര ആധ്യാത്മിക പ്രഭാഷകൻ,

എഴുത്തുകാരൻ എന്നീ നിലകളിൽ വളരെയേറെ ശ്രദ്ധേയനായി. മലയാളത്തിലും ഇംഗ്ലീഷിലുമായി 150 ലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ആറായിര ത്തിലേറെ ലേഖനങ്ങളെഴുതിയ ഇദ്ദേഹം അര ലക്ഷത്തോളം പ്രസംഗങ്ങളും നടത്തി ശ്രദ്ധേയനായി.

11. തലശേരി അതിരൂപതാംഗവും രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനിയുടെ മുൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന മോൺ. മാത്യു എം. ചാലിൽ (85) അന്തരിച്ചു. 1997 മുതൽ 2013 വരെ തലശേരി അതിരൂപത വികാരി ജനറാളായിരുന്നു. 2002 മുതൽ 2013 ഓഗസ്റ്റ് വരെ ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിംഗ് കോളജിന്റെ ചെയർമാനായിരുന്നു. 2013 മുതൽ 2016 വരെ രാഷ്ട്രദീപിക ലിമിറ്റഡ് ചെയർമാനായും മാനേജിംഗ് ഡയറക്ടറാ യും സേവനമനുഷ്ഠിച്ചു. 2016 മുതൽ 2018 വരെ ചെമ്പേരി വിമല ഹോസ്പിറ്റലിന്റെ ഡയറക്ടറായിരുന്നു. 2013ൽ ഫ്രാൻസിസ് മാർപാപ്പ മോൺസിഞ്ഞോർ പദവി നൽകി ആദരിച്ചു.

12. ചങ്ങനാശേരി അതിരൂപതയുടെ മുൻ അധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ കാലം ചെയ്തു. 1972 ജനുവരി 29ന് ചങ്ങനാശേരി അതിരൂപതയുടെ സഹായ മെത്രാനായി നിയമിതനായ മാർ പവ്വത്തിലിനെ 1972 ഫെബ്രുവരി 13ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽവച്ച് പോൾ ആറാമൻ മാർപാപ്പയാണ് മെത്രാനായി അഭിഷേകം ചെയ്തത്. ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറക്കു ശേഷം മാർ പവ്വത്തിൽ ചങ്ങനാശേരി ആർച്ച് ബിഷപ്പായി 1985 നവംബർ അഞ്ചിനു നിയമിതനായി. 1986 ജനുവരി 17-ന് ആർച്ച് ബിഷപ്പായി ചുമതലയേറ്റു. 1986 ജനുവരി 17 മുതൽ 2007 മാർച്ച് 19 വരെ ചങ്ങനാശേരി അതിരൂപതയെ നയിച്ചു. 1993 മുതൽ 96 വരെ കെസിബിസി ചെയർമാൻ, 1994 മുതൽ 98 വരെ സിബിസിഐ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

13. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ (SEERI) ഡയറക്ടറായ റവ. ഡോ. ജേക്കബ് തെക്കേപറമ്പിലിനെ വത്തിക്കാനിലുള്ള പൗരസ്ത്യ സഭാകാര്യാലയത്തിന്റെ ഭാഗമായ ആരാധനാക്രമത്തിനുവേണ്ടിയുള്ള പ്രത്യേക കമ്മീഷന്റെ കൺസൾട്ടന്റായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലുള്ള ഇരുപത്തിമൂന്ന് പൗരസ്ത്യ സഭകളുടെ ആരാധനക്രമ സംബന്ധമായ വിഷയങ്ങളിൽ തീരുമാമെടു

ക്കുന്നതിന് പൗരസ്ത്യ തിരുസംഘം ഉപദേശം തേടുന്നത് ഈ കമ്മീഷനോടാണ്.

14. ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ പ്രസിഡന്റായി സുജി പുല്ലുകാട്ട് (കോട്ടയം), ജനറൽ സെക്രട്ടറിയായി ലൂക്ക് അലക്സ് പിണമറുകിൽ (ചങ്ങനാശേരി), ജനറൽ ഓർഗനൈസറായി പി.ജ്ഞാനദാസ് (തക്കല) എന്നിവരെ തെരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: ഫാ. സ്റ്റെബിൻ പൊന്തക്കൻ ഷംഷാബാദ്, ഫാ. പ്രിന്റോ കുര്യാസ് തക്കല (വൈസ് ഡയറക്ടേഴ്സ്), ലതാകുമാരി തക്കല (വൈസ് പ്രസിഡന്റ്), ദിൽഷാ തോമസ് ബൽത്തങ്ങാടി (ജോയിന്റ് സെക്രട്ടറി), ബെന്നി മുത്തനാട്ട് പാലാ, ഫിലിപ്പ് മാത്യു മാണ്ഡ്യ (റീജണൽ ഓർഗനൈസേഴ്സ്), ഷിനോ മോളോത്ത് കോതമംഗലം, ജോസഫ് തരകൻ ഭദ്രാവതി, മീറാ ജോർജ് മാണ്ഡ്യാ (അന്തർദേശീയ സമിതി പ്രതിനിധികൾ), തോമസ് അടപ്പു കല്ലുങ്കൽ പാലാ, ക്രിസ്റ്റി ആന്റണി രാമനാഥപുരം, മഹേഷ് തക്കല (ഓഡിറ്റർമാർ).

15. മഹാരാഷ്ട്രയിലെ പൂനെ രൂപതയുടെ അധ്യക്ഷനായി ബിഷപ്പ് ജോൺ റോഡ്രിഗസ് നിയമിതനായി. നിലവിൽ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന ബിഷപ്പ് തോമസ് ദാബ്രെ പ്രായപരിധി കഴിഞ്ഞതിനെ തുടർന്ന് സമർപ്പിച്ച രാജി സ്വീകരിച്ചതിനു പിന്നാലെയാണ് പുതിയ നിയമന ഉത്തരവ് പരിശുദ്ധ സിംഹാസനം പുറപ്പെടുവിച്ചത്. ബോംബെ അതിരൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്തുവരികെയാണ് ബിഷപ്പ് ജോൺ റോഡ്രിഗസിനു പുതിയ നിയമനം ലഭിച്ചിരിക്കുന്നത്. 2021-ലെ കണക്കുകൾ പ്രകാരം തൊണ്ണൂറായിരത്തോളം കത്തോലിക്ക വിശ്വാസി കളാണ് രൂപതയുടെ കീഴിലുള്ളത്.

16. ഈസ്റ്റർ ഞായറാഴ്ച വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ഉയിർപ്പ് തിരുകർമ്മങ്ങളിലും ഫ്രാൻസിസ് പാപ്പയുടെ 'ഉർബി എത് ഒർബി' ആശിർവാദ കർമ്മത്തിലും ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുത്തു. 300 വൈദികരും, 15 മെത്രാന്മാരും, 31 കർദ്ദിനാളുമാരും ഈസ്റ്റർ ദിനത്തിലെ ബലിയിൽ സഹകാർമികരായി. എഴുന്നേറ്റു നിൽക്കാൻ ഫ്രാൻസിസ് മാർപാപ്പയ്ക്ക് ബുദ്ധിമുട്ട് നേരിട്ടത് മൂലം കർദ്ദിനാൾ ജിയോവാനി ബറ്റിസ്റ്ററേയാണ് അൾത്താരയിൽ വിശുദ്ധ കുർബാന അർപ്പിച്ചത്. യേശുക്രിസ്തു ഉയർത്തെഴുന്നേറ്റ ദിനമാണ് ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും, മനോഹരവുമായ ദിനവുമെന്ന് പാപ്പ തന്റെ ഉർബി എത് ഒർബി സന്ദേശത്തിൽ ചൂണ്ടിക്കാട്ടി.

17. പെസഹാ വ്യാഴാഴ്ച ഫ്രാൻസിസ് മാർപാപ്പ റോമിലെ കാസൽ ഡെൽ മർമോ ജുവനൈൽ ജയിലിലെ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് അന്തേവാസികളായ 12 യുവ തടവുകാരുടെ പാദങ്ങൾ കഴുകി. തടവു പുള്ളികളും, അവരുടെ കുടുംബാംഗങ്ങളും, ജയിലിലെ ഉദ്യോഗസ്ഥരും വിശുദ്ധ കുർബാനയിൽ പങ്കുചേർന്നു. കാലിന് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ തടവുപുള്ളികളുടെ പാദങ്ങൾ മുട്ടു കുത്താതെ തന്നെ കഴുകാനുള്ള സജ്ജീകരണങ്ങൾ പാപ്പയ്ക്കു വേണ്ടി ഒരുക്കിയിരുന്നു.

18. ഈസ്റ്റർ ദിനത്തിൽ ഡൽഹി സേക്രഡ് ഹാർട്ട് കത്തീഡ്രൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിച്ചു. പള്ളിയിൽ പ്രവേശിച്ച അദ്ദേഹം പ്രാർത്ഥനകളുടെ ഭാഗമാവുകയും കത്തീഡ്രലിലെ ഗായക സംഘത്തിന്റെ പാട്ടുകൾ കേൾക്കുകയും ചെയ്തു. പ്രധാനമന്ത്രിക്ക് ഉത്ഥിതനായ ഈശോയെ ഉൾപ്പെടുത്തിയുള്ള ക്രൂശിത രൂപം ആർച്ച് ബിഷപ്പ് അനിൽ കൂട്ടോ സമ്മാനിച്ചു. പുരോഹിതരും വിശ്വാസികളുമായി സംവദിച്ചതിനു ശേഷം ദേവാലയ മുറ്റത്ത് വൃക്ഷത്തൈ നട്ടിട്ടാണ് അദ്ദേഹം മടങ്ങിയത്. കഴിഞ്ഞ വർഷം ക്രിസ്മസിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർ മുവും ദില്ലിയിലെ സേക്രട്ട് ഹാർട്ട് കാത്തലിക് കത്തീഡ്രൽ സന്ദർശിച്ചിരുന്നു.

19. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ജീവിതം ഉഴിഞ്ഞുവെച്ച തൊണ്ണൂറ്റിരണ്ട് വയസ്സുള്ള കത്തോലിക്കാ സന്യാസിനി സിസ്റ്റർ റോസ് മേരി കോണേലി ഇക്കൊല്ലത്തെ ലെറ്റാറെ മെഡലിന് അർഹയായി. അമേരിക്കയിലെ ഇന്ത്യാനയിലെ നോട്രഡാം സർവ്വകലാശാല വർഷംതോറും നൽകിവരുന്ന ഏറ്റവും പരമോന്നത ബഹുമതിയാണ് ലാറ്ററെ മെഡൽ. ജനിച്ച് അധികം മാസങ്ങൾ പോലും തികയാത്ത കുഞ്ഞുങ്ങൾ മുതൽ 60 വയസ്സുവരെയുള്ള ഭിന്നശേഷിക്കാരായവർക്ക് അഭയം നൽകുകയും അവരെ പരിപാലിക്കുകയും ചെയ്യുന്ന ഷിക്കാഗോയിലെ മിസെരികോർഡിയ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ ചെയർ വുമനാണ് സിസ്റ്റർ റോസ് മേരി.

20. സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ശാസ്ത്രങ്ങളുടെ പഠനവും പുരോഗതിയും കത്തോലിക്ക വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിതമായിരിക്കുന്ന പൊന്തിഫിക്കൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസിന്റെ പുതിയ സാരഥിയായി

സമർപ്പിത. റോമിലെ ആംഗ്ലിക്കൻ യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി ഡീനും 'സെന്റ് കാതറിൻ ഓഫ് സിയന്ന ഓഫ് ക്വാസുളു-നാതാൽ' സന്യാസ സമൂഹാംഗവുമായ സിസ്റ്റർ ഹെലൻ ആൽഫോർഡിനെയാണ് ഫ്രാൻസിസ് പാപ്പ പൊന്തിഫിക്കൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസിന്റെ പുതിയ പ്രസിഡന്റായി നാമനിർദ്ദേശം ചെയ്തിരിക്കുന്നത്.

21. ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയെ പന്ത്രണ്ട് റീജിയനുകളായി പുനർക്രമീകരിച്ചു. രൂപത രൂപീകൃതമായി ഏഴ് വർഷങ്ങൾ പിന്നിടുന്ന ഈ അവസരത്തിൽ രൂപതാ അംഗങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായ പശ്ചാത്തലത്തിൽ അജപാലന പരമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകുന്നതിന് വേണ്ടിയാണ് റീജിയനുകളുടെ പുനർ ക്രമീകരണം ഇപ്പോൾ നടത്തിരിക്കുന്നത്. നിലവിൽ 81 മിഷനുകളിലായി 62 വൈദികർ ആണ് ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയിൽ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നത്.

22. പരിശുദ്ധ സിംഹാസനത്തിനുവേണ്ടി ദീർഘകാല നയതന്ത്രനായി സേവനം ചെയ്ത ജർമ്മൻ കർദ്ദിനാൾ കാൾ-ജോസഫ് റോബർ ദിവംഗതനായി. 88 വയസ്സായിരിന്നു. കർദ്ദിനാളിന്റെ വിയോഗത്തിൽ ഫ്രാൻസിസ് മാർപാപ്പ അനുശോചനം രേഖപ്പെടുത്തി. കർദ്ദിനാൾ കാൾ-ജോസഫ് റോബറുടെ വിയോഗത്തോടെ കർദ്ദിനാളുമാരുടെ അംഗസംഖ്യ 222 ആയി. അവരിൽ 123 പേർ കോൺക്ലേവിൽ മാർപാപ്പയെ തെരഞ്ഞെടുക്കാൻ വോട്ടവകാശം ഉള്ളവരും 99 പേർ പ്രായപരിധിയെത്തിയതിനെ തുടർന്നു വോട്ടവകാശം ഇല്ലാത്തവരുമാണ്.

12. യൂറോപ്യൻ യൂണിയനിലെ വിവിധ മെത്രാൻ സമിതികൾ ചേർന്നുള്ള കമ്മീഷന്റെ പ്രസിഡന്റായി ഇറ്റലിയിൽ നിന്നുള്ള ബിഷപ്പ് മരിയാനോ ക്രൊച്ചാത്തയെ യൂറോപ്യൻ മെത്രാൻ സമിതികളുടെ പ്രതിനിധികൾ തിരഞ്ഞെടുത്തു. മാർച്ച് 22 ന് റോമിൽ നടന്ന യൂറോപ്യൻ യൂണിയൻ മെത്രാൻ സമിതികളുടെ കമ്മീഷന്റെ 2023-ലെ വസന്തകാല പ്ലീനറി അസംബ്ലിയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഇതിൽ വിവിധ രാജ്യങ്ങളിൽ നിന്നുമായി പങ്കെടുത്ത ദേശീയ മെത്രാൻ സമിതികളുടെ പ്രതിനിധി കളാണ് എഴുപതുകാരനായ ബിഷപ്പ് ക്രൊച്ചാത്തയെ തിരഞ്ഞെടുത്തത്.

## പുതിയ ഭാരവാഹികൾ

**സെന്റ് ഫ്രാൻസീസ് സേവ്യർ യൂണിറ്റ്**

Secretary - Varghese P.F Perumadan, 9894439268

**സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്**

Secretary - Sujith C.S, Cheravathur, 9790337477

Treasure - Usha Babu, Chemmannur, 8838341015

**സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്**

Secretary - K.A. Abraham, Kolarikal, 9442073683

**സെന്റ് ആന്റണി യൂണിറ്റ്**

President - Antony M.L, Melit, 8754181009

---

**Lourde Forane Church Charity Account**
**February 2023 to April 2023**

| No | Date | Name | Intension | Income | Expense |
|---|---|---|---|---|---|
| 1. | 21.02.2023 | Balance | | 1500.00 | |
| 2. | 26.02.2023 | Charity | | | 500.00 |
| 3. | 28.03.2023 | Medical Help | | | 500.00 |
| 4. | 21.03.2023 | Apsara Paul | Charity | 5000.00 | |
| 5. | 24.03.2023 | Medical Help | | | 250.00 |
| 6. | 28.03.2023 | Transport | | | 300.00 |
| 7. | 04.04.2023 | Mariya Viyani | Charity | 2400.00 | |
| 8. | 04.04.2023 | Medical Help | | | 1000.00 |
| 9. | 08.04.2023 | Easter Gift | | | 1800.00 |
| 10. | 05.04.2023 | Rani Prakash | Church Article | 2000.00 | |
| 11. | 20.04.2023 | Medical Help | | | 500.00 |
| 12. | 17.04.2023 | John Paul | Church Article | 2000.00 | |
| 13. | 25.04.2023 | Church Article | | | 6300.00 |
| 14. | 25.04.2023 | Flower for Vellamkannimatha | | | 1600.00 |
| | 27.04.2023 | Total | | 12900.00 | 12750.00 |
| | | Balance | | | 50.00 |
| | | Grand Total | | 12900.00 | 12900.00 |

# പൂർണ്ണതയിലേക്ക് നടന്നടുക്കുവാൻ



സി. തെരേസ ജോൺ FCC

വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റ് തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുന്നു. (2 തിമോ 3:16). നിരന്തരം പരിശീലനം ആവശ്യമായ നമ്മുടെ ജീവിതത്തെ കുറിച്ച് ചിന്തിച്ചപ്പോൾ മനസ്സിലേക്ക് വന്ന ഒരു ദൈവവചനമാണിത്. അറിവ് വർദ്ധിപ്പിക്കാൻ പരിശ്രമിക്കുന്നവരാണ് നമ്മിലധികവും. കാരണം അറിവില്ലാത്തവന് സമൂഹത്തിൽ സ്വീകാര്യത കുറയും എന്നത് തന്നെ. അറിവ് വർദ്ധിപ്പിക്കാൻ നാം പലതിന്റെയും പിന്നാലെ പരക്കം പായുന്നു. ഗൂഗിൾ,യൂട്യൂബ്, വാട്സ്ആപ്പ്, ടിവി, പുസ്തകങ്ങൾ തുടങ്ങിയവയെല്ലാം അതിൽ ചിലത് മാത്രം. എന്നാൽ യഥാർത്ഥ ജ്ഞാനവും പ്രബോധനവും നമ്മിൽ നിറയ്ക്കാൻ കഴിയുന്ന ദൈവവചനത്തെ നാം അവഗണിക്കുന്നു. സങ്കീർത്തനം 119:130. ൽ പറയുന്നതുപോലെ എളിയവർക്ക് വിജ്ഞാന പകരുന്ന ദൈവവചനം ഹൃദയത്തിൽ മനനം ചെയ്തുകൊണ്ട് നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കാൻ ആവശ്യമായ പ്രബോധനം അതിൽ നിന്ന് നമുക്ക് സ്വീകരിക്കാം.

എപ്പോഴാണ് നമ്മൾ നമ്മെ തന്നെ തിരുത്തുന്നത് എന്ന് ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അത് പലപ്പോഴും മറ്റുള്ളവർ പറയുന്ന കമന്റുകൾ കേട്ടോ ഉപദേശങ്ങൾ കേട്ടോ ആയിരിക്കാം. അങ്ങനെ തിരുത്തുമ്പോൾ ഒരു പക്ഷേ നമ്മൾ നമ്മുടെ വളർച്ചയെ തന്നെ തടഞ്ഞേക്കാം. എന്നാൽ ദൈവവചനം ആകുന്ന കണ്ണാടിക്കു മുമ്പിൽ ഇരുന്ന് നമ്മുടെ കുറവുകളെ കുറിച്ച് മനസ്സിലാക്കുവാനും വചനത്തിന്റെ ശക്തിയാൽ തന്നെ അതിനെ തിരുത്താനും സാധിച്ചാൽ അത് ആനന്ദവും സമാധാനവും നമ്മിൽ നിറയ്ക്കും. വെളി.2:5 ൽ പറയുന്നതുപോലെ അനുതപിക്കാനും ഏറ്റുപറയാനും ഒരു മനസ്സ് ഉണ്ടാകുന്നത് വചനം നമ്മിൽ ചൂഴ്ന്നിറങ്ങുമ്പോഴാണ്. പിശാചിനെയും അവൻ ഒരുക്കുന്ന തിന്മയെയും ശാസിച്ചു ദൂരത്ത് നിർത്താൻ നമ്മുടെ ആവശ്യം ലോകത്തിന്റെ വിജ്ഞാനം അല്ല ദൈവവചനത്തിന്റെ ശക്തിയാണ്. മത്താ. 8:16 ൽ

പറയുന്നതുപോലെ ഈശോപോലും പിശാചിനെ ശാസിക്കാൻ ഉപയോഗിച്ചത് ദൈവവചനമാണ്. സകല പ്രലോഭനങ്ങളെയും തന്നിൽ നിന്ന് അകറ്റാൻ അവിടുന്ന് ഉപയോഗിച്ചത് ദൈവവചനം തന്നെയാണ്. നമ്മിൽ നിറയ്ക്കുന്ന ദൈവവചനത്തിന്റെ ശക്തിയിലൂടെ മാത്രമേ അനുദിന ജീവിതത്തിൽ നമുക്ക് നേരിടേണ്ടിവരുന്ന തിന്മയുടെ സ്വാധീനങ്ങളെയും പ്രലോഭനങ്ങളെയും ശാസിച്ചു ആത്മീയതയിൽ വളരാനും സാധിക്കൂ.

ജീവിതത്തിൽ താഴെ പിഴവുകൾ സംഭവിക്കുമ്പോൾ ആകുലതകളും തിന്മകളും ജീവിതത്തെ വിരിഞ്ഞു മുറുക്കുമ്പോൾ പലപ്പോഴും നമ്മൾ പ്രാർത്ഥനസഹായങ്ങൾക്കുമൊക്കെ പുറകെ ഓടാറില്ലേ. എന്നാൽ അവയെക്കാൾ അധികം ഇതാണ് വഴി ഇതിലെ പോവുക എന്നരുൾ ചെയ്തുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ ദിശ നമുക്ക് കാണിച്ചു തരുന്ന വചനം ഹൃദയത്തിൽ സ്വീകരിക്കാനും അതിനനുസൃതം നമ്മുടെ ജീവിതത്തെനമുക്ക് സാധിക്കണം. സങ്കീർത്തനം 119:105 ൽ പറയുന്നതുപോലെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുംവചനമായി മാറണം. പ്രശ്നങ്ങളിൽ നമ്മെ സഹായിക്കുന്ന അത്താണിയായി മാറണം വചനം. അപ്പോൾ നമ്മുടെ ജീവിതം പൂർണ്ണതയിലേക്ക് മുന്നേറുകയും നമ്മൾ എല്ലാം നന്മ പ്രവർത്തികളും ചെയ്യുന്നവരായി മാറുകയും ചെയ്യും.


## മാട്രിമോണിയൽ
പരസ്യം

**പൂമാർക്കറ്റ് ഇടവക യുവാവ് വയസ്സ് 31, ഉയരം: 165 cm, വിദ്യാഭ്യാസ യോഗ്യത: BSc, ദുബായിൽ ഗ്രാഫിക് ഡിസൈനറായി ജോലി ചെയ്യുന്നു.**

**അനുയോജ്യയായ വധുവിനെ തേടുന്നു.**

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ.**

**9943177052, 7845553240**





Beena Mathew

# വി.ഗീവർഗ്ഗീസ്

വി.ജോർജ് കിഴക്കൻ ഏഷ്യമൈനറിലുള്ള കപ്പദോച്യയിൽ ഉദ്ദേശ്യം A.D 280 ൽ ജനിച്ചുവെന്ന് കരുതുന്നു. മെറ്റാഫാസ്റ്റസ് എന്ന ഗ്രന്ഥകാരന്റെ വിവരണപ്രകാരം ജോർജിന്റെ മാതാപിതാക്കൾ കുലീനരാണ്. അദ്ദേഹത്തിന്റെ പിതാവ് റോമൻ സാമ്രാജ്യത്തിലെ ഡയോക്ലിഷൻ ചക്രവർത്തിയുടെ സൈനികമേധാവിയായിരുന്നു എന്ന് കരുതപ്പെടുന്നു. ദൃഢ ഗാത്രനായ ജോർജ് ഒരുന്നത സൈനീകോദ്യഗസ്ഥനായി ഡയോക്ലിഷൻ ചക്രവർത്തിയുടെ കീഴിൽ ജോലി ചെയ്തു. വി. ജോർജിന്റെ ചരിത്രം ഐതിഹ്യ സമ്പൂർണ്ണമാകയാൽ ചരിത്രവും ഐതിഹ്യവും വേർതിരിക്കാൻ പ്രയാസമുണ്ട്. എന്നിരുന്നാലും മിക്കപുസ്തകങ്ങളിലും വിവരിച്ചിരിക്കുന്ന ഒരു സംഭവത്തെ ഇവിടെ പരാമർശിക്കുന്നു. ഒരു ദിവസം ജോർജ് വടക്കേ ആഫ്രിക്കയിലെ ലൈബിയാ പ്രവിശ്യയിൽ യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹം സൈലി എന്ന നഗരത്തിൽ എത്തിചേർന്നു. നഗരത്തിനു സമീപമുള്ള ചതുപ്പു നിലത്തിൽ ഒരു മഹാസർപ്പം താമസിച്ചിരുന്നു. ആളുകൾ

അതിനെ കൊല്ലാൻ ശ്രമിച്ചിരുന്നു. എന്നാൽ സർപ്പം  ഉഗ്രവിഷം തുപ്പുന്ന തിനാൽ അതിനു സാധിച്ചില്ല. മഹാസർപ്പത്തെ സമാധാനിപ്പിക്കാൻ ഒരു ദിവസം രണ്ടു ആടുകളെ അതിനു ഭക്ഷണമായി കൊടുത്തിരുന്നു. എന്നാൽ അവരുടെ ആടുകളുടെ എണ്ണം തീർന്നപ്പോൾ ദിവസവും ഒരു മനുഷ്യനെ പകരമായി നൽകാൻ അവർ നിർബന്ധിതരായി. ഓരോ ദിവ സവും  ഇരയാകേണ്ട ആളെ ചീട്ടു ഇട്ടു നിശ്ചയിച്ചു. ജോർജ് അവിടെ എത്തിയപ്പോൾ രാജാവിന്റെ മകൾക്കാണ് അന്നത്തെ നറുക്ക് വീണത്. രാജകുമാരിക്കുപകരം  ഇരയാകുവാൻ ആരും സന്നദ്ധരായില്ല. അതി നാൽ  വിവാഹ വസ്ത്രം അണിഞ്ഞ്  അവൾ സർപ്പത്തിന്റെ അടുത്തേക്ക് പുറപ്പെട്ടു. കുതിരപുറത്തെത്തിയ വി ജോർജ് ഉഗ്രസർപ്പത്തെ ആക്രമിക്കു കയും കുന്തംകൊണ്ട് അതിനെ കീഴ്പ്പെടുത്തുകയും ചെയ്തു. രാജകുമാ രിയുടെ അരപ്പട്ടയിൽ സർപ്പത്തെ ബന്ധിച്ച് നഗരത്തിലെത്തിച്ചു. ഭയന്ന് ഓടിപോകാൻ നിന്ന ജനങ്ങളോട് നിങ്ങൾ യേശുക്രിസ്തുവിൽ  വിശ്വസി ക്കുകയും ജ്ഞാനസ്നാനം ഏൽക്കുകയും ചെയ്താൽ താൻ മഹാ സർപ്പത്തെ വധിക്കാമെന്ന് ജോർജ് പറഞ്ഞു. രാജാവും ജനങ്ങളും അതു സമ്മതിക്കുകയും വി.ജോർജ് സർപ്പത്തെ കൊല്ലുകയും ചെയ്തു. ഡയോ ക്ലിഷ്യൻ ചക്രവർത്തി ജോർജിന്റെ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് അറി ഞ്ഞപ്പോൾ വിവിധ വാഗ്ദാനങ്ങൾ നൽകി അദ്ദേഹത്തെ പ്രലോഭിപ്പി ക്കാനും വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാനും ശ്രമിച്ചു. പക്ഷേ ജോർജ് തന്റെ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ വിസമ്മതിച്ചു. ഡയോക്ലി ഷ്യൻ കോപാകുലനാവുകയും ജോർജിനെ ജയിലിൽ അടക്കാൻ ഉത്തര വിടുകയും ചെയ്തു. പുറംജാതീയ ദൈവങ്ങളായ അപ്പലോണിനേയും യൂക്കിസിനേയും ആരാധിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് അദ്ദേഹ ത്തെ നിരവധി പീഡനങ്ങൾക്ക് വിധേയനാക്കി. ജോർജിനെ കൊല്ലാൻ പോലും ഡയോക്ലിഷ്യൻസ് ശ്രമിച്ചു. അദ്ദേഹം മരിച്ചുവെന്ന് പലതവണ കരുതി. പക്ഷെ കർത്താവിന്റെ ശക്തിയാൽ അദ്ദേഹം പലതവണ ജീവ നോടെ തിരിച്ചുവന്നു. പീഢകൾ ഒന്നൊന്നായി അനുഭവിക്കേണ്ടിവന്നിട്ടും, ക്രൈസ്തവവിശ്വാസം ഒരിക്കലും കൈവിടാതെ  അതിന്റെ ശക്തിയെക്കു റിച്ച് ചക്രവർത്തിയോട് അദ്ദേഹം സംസാരിച്ചു. നിരവധി അത്ഭുത

ങ്ങൾക്കണ്ട് ചക്രവർത്തിയുടെ ഭാര്യ അലക്സാഡ്രിയായും മകൾ വലേറിയയും യേശുക്രിസ്തുവിൽ വിശ്വസിച്ചു. തുടർന്ന് പലസ്തീനയിലെ ഡയോസ് പോളിസിൽ പിന്നീട് ഇസ്രയേലിലെ ലോഡ് എന്നറിയപ്പെടുന്ന സ്ഥലത്തുവെച്ച് അലക്സാഡ്രിയായെ ശിരഛേദം ചെയ്തു. വി. ജോർജ് തന്റെ വിശ്വാസത്തിൽ വളരെ ശക്തനായിരുന്നു. അതിനാൽ ചക്രവർത്തിയുടെ പരീക്ഷണങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചില്ല. ജോർജിനെതിരായുള്ള എല്ലാ കൊലപാതകശ്രമങ്ങളും പരാജയപ്പെട്ടതിനാൽ വാളുകൊണ്ട് ശിരഛേദം ചെയ്യണമെന്ന് ചക്രവർത്തി ആവശ്യപ്പെട്ടു. അങ്ങനെ എ.ഡി.303 ൽ ഏപ്രിൽ 23-ന് വി.ജോർജ് രക്തസാക്ഷിയായി മരണം പ്രാപിച്ചു. A.D.494 ൽ കാലഘട്ടത്തിലെ രണ്ട് സിറിയൻ പള്ളികളുടെ രചനകൾ സൂചിപ്പിക്കുന്നത്. ജോർജ് ലിദെയിൻ പിന്നീട് ഇസ്രേലിലെ ലോഡ് എന്നറിയപ്പെടുന്ന സ്ഥലത്ത് രക്തസാക്ഷിത്വം വരിച്ചു എന്നാണ്. മഹാരക്തസാക്ഷി എന്നാണ് ശ്ലീഹന്മാർ അദ്ദേഹത്തെ സംബോധന ചെയ്തിരുന്നത്. പല പൗരസ്ത്യ രാജ്യങ്ങളുടെയും മധ്യസ്ഥൻ വി. ജോർജ് ആണ്. കോൺസ്റ്റയിൻ ചക്രവർത്തിതന്നെ കോൺസ്റ്റാന്റിനേപ്പിളിൻ വി. ജോർജിന്റെ നാമത്തിൽ നാലുപള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. വി ജോർജിന്റെ പ്രതിമയിൽ അദ്ദേഹത്തെ നാം കാണുന്നത് കുതിരപുറത്താണ്. വി. ജോർജ് തന്റെ വിശ്വാസവും ധീരതയും വഴി പിശാചിനെ പരാചയപ്പെടുത്തുന്നതിന്റെ പ്രതികമാണ് കുതിരയുടെ പാദങ്ങളുടെ കീഴ് കുന്തത്തിന്റെ കുത്തേറ്റുമലരുന്ന കാളസർപ്പം. പരി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ദേവാലയങ്ങൾ കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും അധികം പള്ളികൾ ഉള്ളത് വി.ജോർജിന്റെ നാമത്തിലുള്ളതാണെന്ന് കരുതപ്പെടുന്നു. പെരുമ്പള്ളിയിലെ വി ജോർജിന്റെ സുറിയാനി പള്ളിയിൽ ഈ വിശുദ്ധന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുണ്ട്. ഈ വിശുദ്ധന്റെ തിരുന്നാൾ എല്ലാവർഷവും ഏപ്രിൽ 23-ാം തിയതി ലോകമെമ്പാടും ആഘോഷിക്കുന്നു. വിശുദ്ധന്റെ മാദ്ധ്യസ്ഥവും പ്രാർത്ഥനയും വിശ്വാസികൾക്ക് എന്നും ആശ്രയമായിരിക്കട്ടെ.

# സമർപ്പിത ജീവിതം



A.G Shaju

എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ഒരുവനും എന്റെ അടുത്ത് വരിക സാധ്യമല്ല എന്ന് യോഹ 6:44 ൽ പറയുന്നുണ്ട്. കുഞ്ഞുനാൾ മുതൽ ദൈവത്തോടും ദൈവിക കാര്യങ്ങളോടുമുള്ള താല്പര്യം വർദ്ധിക്കുകയും തന്നെത്തന്നെ സമർപ്പിത ജീവിതത്തിലേക്ക് സമർപ്പിക്കുകയും ദൈവം കാണിച്ചു തരുന്ന വഴിയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നവരാണ് ഓരോ സമർപ്പിതരും.

സമർപ്പിത ജീവിതത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടാൻ ഒരു പ്രധാന കാരണം ആ ജീവിതം തെരഞ്ഞെടുക്കുന്നവരുടെ മാതൃകാപരമായ ജീവിതമാണ്. പണ്ടൊക്കെ വീടുകളിൽ മക്കൾ പലരുണ്ടായിരുന്നിടത്ത് ഇന്ന് ഒന്നോ രണ്ടോ കുട്ടികളെ ഉള്ളൂ. എന്നാലും ദൈവവിളിയുള്ള മക്കളെ സമർപ്പിത ജീവിതത്തിലേക്ക് എത്ര തടഞ്ഞാലും അവർ ദൈവഹിതം അനുസരിച്ച് തങ്ങളുടെ ജീവിതം തെരഞ്ഞെടുക്കും. ഏക മകനെ മകളെ സന്തോഷത്തോടെ യാത്രയാക്കുന്ന മാതാപിതാക്കളും ഇല്ലാതില്ല. “മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുൻപേ ഞാൻ നിന്നെ അറിഞ്ഞു ജനിക്കുന്നതിന് മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു” (ജറമിയ 1:5) എന്ന വചനം വഴി ദൈവം അവരെ പ്രത്യേകം തെരഞ്ഞെടുത്തവരാണെന്ന് അറിയാം. വെല്ലുവിളികൾ നിറഞ്ഞ ഈ ആധുനിക യുഗത്തിൽ ദൈവഹിത പ്രകാരം ജീവിക്കാൻ ദൈവത്തിന്റെ കൃപ ധാരാളം വേണം.

ജീവിതത്തിന്റെ പല അവസരങ്ങളിൽ പ്രശ്നങ്ങളും പ്രതിസന്ധികളും അപ്രതീക്ഷിത തിരിച്ചടികളും നമ്മളെ തളർത്തിയേക്കാം. ഓരോ വ്യക്തികളും അവരവരുടെ ജീവിത പാതകളിൽ ദൈവവചന പ്രകാരം ജീവിക്കുമ്പോൾ, ഉത്തരവാദിത്വങ്ങളിലൂടെ മുന്നേറുമ്പോൾ, ധാരാളം പ്രതികൂല സാഹചര്യങ്ങളും നേരിടേണ്ടി വന്നേക്കാം. ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ മാധ്യമങ്ങളും, പ്രത്യേകിച്ച് സോഷ്യൽ മീഡിയകളും തുടരെത്തുടരെയായി സമർപ്പിത ജീവിതങ്ങളെ നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ പ്രചരണങ്ങൾ നടന്നേക്കാം. എന്നാലും സ്വന്തം വീടിനേയും നാടിനേയും ബന്ധുജനങ്ങളെയും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ സാക്ഷിയായി ജീവിതം മാറ്റിവച്ച്, വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിന്റെ കരങ്ങളിൽ സർവ്വവും സമർപ്പിച്ച്, ദൈവവിളി സ്വീകരിച്ച എല്ലാ സമർപ്പിതർക്കും ദൈവകൃപയോട് ചേർന്ന് ജീവിക്കുവാൻ സാധിക്കട്ടെ.

# Rising above the Struggles



Hendrin Cherus Antony

**"Exploring the common challenges faced by teenagers"**

Teenagers face a unique set of challenges as they navigate their faith in a world that often does not share their beliefs. From peer pressure to social media, Christian teenagers can struggle to stay grounded in their faith and maintain a strong relationship with God. In this article, we will explore some of the challenges faced by the present teenagers and how we can overcome them.

Peer Pressure

First of all let me clear you about what does peer pressure actually means, so if an individual does anything under the influence of other people to act in a certain way in order to seek attention from their loved ones is called as peer pressure. Peer pressure is one of the most significant challenges that teenagers face today. We may feel pressured to conform to our friends' behavior, which may not align with our faith. For example, our peers may engage in premarital sex, usage of drugs or alcohol, or engage in other behaviors that goes against christian values. To overcome this challenge, christian teenagers need to surround themselves with genuinely minded individuals who share their faith and values. Joining a youth group at church or attending christian events can help christian teenagers connect with others who share their beliefs. Always keep in mind to never lose your unique individuality for sake of others at any instances. "BE YOU NOT THEM."

Social Media

Social media can be a double-edged sword for christian teenagers. While it can be an excellent way to connect with others, on the flip side it can also expose them to negative influences. For example, social media can expose christian teenagers to inappropriate content, cyber bullying, and unhealthy comparisons to others. We, christian teenagers need to be mindful of the content we consume on social media and ensure that it aligns with our faith. We should also limit our time on social media and focus on building real-world relationships.

Secular Worldviews

The secular worldview, which emphasizes humanism and moral relativism, can be a significant challenge for teenagers. They may encounter peers or authority figures who challenge their faith and beliefs. We need to be equipped to defend our faith and understand the evidence that supports it. We should also seek out to our catechetical mentors or priests who can guide us in our difficult questions , decisions and challenges. We should never feel uncomfortable in seeking our mentors and our parents help who shows us the genuine paths to enrich ourselves.

Sexual Temptations

Sexual temptations can be a significant challenge for teenagers, particularly as we navigate our future relationships with our closed ones . We may feel pressure to engage in sexual activity or compromise our values to please our partners who may have had an healthy relationship with us . We need to understand the biblical principles of sexuality and relationships and apply them correctly in our lives. We should also seek accountability partners who can help them stay accountable to their values and avoid sexual temptations.

Identity Crisis

We, teenagers may struggle with our identity and sense of purpose as we take part in our transition from adolescence to adulthood. We may question our beliefs or struggle to find our place in this world. We need to understand our identity in Christ and seek to understand God's purpose for our lives. We should also connect with mentors and role models who can help us find our path and guide us through this challenging time.

In conclusion, we face many challenges as we navigate our faith in a secular world. We need to be equipped with the christian tools and resources to overcome these challenges and stay grounded in our faith. By seeking out mentors, building supportive relationships, and staying connected to God's word, we, teenagers can overcome these challenges and live out our faithful life in a meaningful way.

# Catechism News

**First holy communion**

Children of our parish will receive their First Holy Communion on 21st May 2023. Let us all pray for these children to be filled with the love of Jesus as they live under the shadow of His guiding light. Best wishes for your first holy communion. May your life always be surrounded by the love and affection of loved ones and blessing of our Lord.

**Prize distribution**

Congratulations to all the winners for your remarkable achievements for the year 2022-23. The following prizes was distributed on April 9th 2023.

Proficiency winner

Regular attendance

50 days regular Qurbana attending (easter preparation).

Teachers were honoured for receiving the diocese best catechism unit.

Congratulations, we are proud of your accomplishments. God bless you all.

**New office bearers**

Department wishes to extend heartfelt thanks to our relieving secretary Mrs Ajimol Antony for her dedicated service and hard work. Your contributions have been invaluable for our department. We wish you all the best fo r your future endeavours. We are pleased to announce our new secretary Mrs Feba Ryju and new joint secretary Mrs Leeja Jose. Congratulations, may God bless and guide our new office bearers in all their work.


**PTA Members**

PTA members of the year 2020-23 were appreciated with a token of love. Acknowledging all the members for their effort and support for the department. May God bless you all for your service to the department. We look forward to your continued involvement and support in the future.



# Jesus heals leprosy crossw






**Word List:**

| | |
|---|---|
| ashamed | touch |
| disease | healed |
| cleansed | priest |
| excited | leprosy |
| humbled | afraid |

**Across**

1. Jesus healed the man by a quick and miraculous
4. Leprosy is a type of bacterial
6. The man with leprosy was not only healed but.......... on the inside as well.
9. Jesus did this for the leper and didn't get sick himself.
10. Lepers felt this because of the disease and because others thought it was caused by sin.

**Down**

2. The man this before Jesus when he fell at his knees.
3. The man went to this person to get permission to live among others again
5. Jesus asked the man not to tell others of the miracle but he want to.....
7. Lepers weren't allowed in the city because other were this.
8. This is a disease that can change the way people look.

(Only catechism students are eligible to participate in the contest. Fill the answer and drop it in the box kept in church before 5th of June. Ten correct entries will be selected by lot and published in the next issue.)

Name: ______________________________ Class: __________

# Marian Knowledge

**Famous Quotes about Mother Mary**

1. “Never be afraid of loving the Blessed Virgin too much. You can never love her more than Jesus did.” Whose words are they?

   Saint Maximilian Kolbe

2. "If you invoke the Blessed Virgin when you are tempted, she will come at once to your help, and Satan will leave you." Who said this?

   St. John Vianney

3. “In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear.” Who said this?

   Saint Therese of Lisieux

4. "You are My Mother, the Mother of Mercy, and the consolation of the souls in Purgatory." Who said this?

   Saint Bridget to our Lady

5. “May the Mother of Jesus and our Mother, always smile on your spirit, obtaining for it, from her Most Holy Son, every heavenly blessing.” Who said this?

   Saint Padre Pio

6. "I am not only the Queen of Heaven, but also the Mother of Mercy." Whose words are they?

   Our Lady to Saint Faustina

7. “O sinner, be not discouraged, but have recourse to Mary in all your necessities. Call her to your assistance, for such is the divine will that she should help in every kind of necessity.” Who said this?

   Saint Basil the Great

8. “Even while living in this world, the heart of Mary was so filled with tenderness and compassion for men, that no one ever suffered so much for his own pains as Mary suffered for the pains of others.” Who said this?

   St. Jerome

9. "Whosoever shall die wearing my Scapular shall not suffer the flames of Hell." Whose words are they?

   Our Lady of Mount Carmel

10. “As mariners are guided into port by the shining of a star, so Christians are guided to heaven by Mary." Who said this?

    Saint Thomas Aquinas

# LOURDE MATRIMONIAL MINISTRY

www.lourdematrimonial.com

((An Initiative of Lourdian Pithruvedhi, Gandipuram, Ramanathapuram Diocese))

## വരനെ ആവശ്യമുണ്ട്

1. സീറോ മലബാർ കാത്തോലിക്കയുവതി, വയസ്സ് 24, ഉയരം: 157 cm, വിദ്യാഭ്യാസയോഗ്യത: B.Tech IT; Computer Engineer ആയി ജോലി ചെയ്യുന്നു. അനുയോജ്യനായ വരനെ തേടുന്നു. **ID: LDM 947210**

2. സീറോ മലങ്കര യുവതി, വയസ്: 24, ഉയരം: 157 cm, വിദ്യാഭ്യാസ യോഗ്യത: M.Tech; അനുയോജ്യനായ വരനെ തേടുന്നു. **ID: LDM 461615**

## വധുവിനെ ആവശ്യമുണ്ട്

1. സീറോ മലബാർ യുവാവ്; വയസ്സ് 37, ഉയരം: 170 cm, വിദ്യാഭ്യാസ യോഗ്യത: ITI Private സ്ഥാപനം നടത്തുന്നു. അനുയോജ്യയായ വധുവിനെ തേടുന്നു. **ID: LDM 672055**

2.സീറോ മലബാർ യുവാവ്; വയസ്: 37, ഉയരം: 173 cm, ബിസ്നസ്സ് ചെയ്യുന്നു. അനുയോജ്യയായ വധുവിനെ തേടുന്നു. **ID: LDM 505172**

കൂടുതൽ വിവരങ്ങൾക്കായി ഞങ്ങളുടെ
Website സന്ദർശിക്കുക.
www.lourdematrimonial.com

**For More Information & Free Registration;**

✆ 944 2161 222

✆ 989 4187 184

✉ lourdematrimonial@gmail.com

# MAY 2023

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | **1**<br>St. Joseph, the worker<br>Col 3:14-17<br>Mt 13:53-58 | **2**<br>2 Cor 4:5-14<br>Mt 10:23-28 | **3**<br>Sts. Philip and James, Apostles<br>1 Cor 9:16-23, Jn 14:1-6 | **4**<br>2 Pet 2:1-3<br>Mt 15:1-9 | **5**<br>Eph 5:13-21<br>Mk 6:35-44 | **6**<br>St. Dominic Savio<br>1Jn 2:14-17<br>Mk 10:13-16 |
| **7**<br>Fifth Sunday of Resurrection<br>Isa 49:7-13, Acts 9:1-9<br>Heb 10:19-25<br>Jn 21:1-14 | **8**<br>1 Pet 4:12-19<br>Lk 11:29-32 | **9**<br>Jas 1:22-27<br>Mt 21:18-22 | **10**<br>Col 3:5-11<br>Jn 3:1-8 | **11**<br>Heb 3:7-13<br>Jn 5:24-29 | **12**<br>1 Cor 2:1-5<br>Mt 15:10-20 | **13**<br>1Cor 1:26-30<br>Mt 11: 25-30 |
| **14**<br>Sixth Sunday of Resurrection<br>Isa 52:7-12, Acts 10:9-16<br>Eph 2:11-22, Jn 17: 20-26 | **15**<br>Rom 11:25-32<br>Mt 18:10-14 | **16**<br>2 Pet 3:10-13<br>Mk 13:32-37 | **17**<br>Eph 5:1-5<br>Jn 15:11-17 | **18**<br>2 Kings 2:1-12<br>Acts 1:6-11<br>1 Tim 2:1-7<br>Lk 24: 44-53 | **19**<br>Phil 3:12-15<br>Jn 3:31-36 | **20**<br>1 Cor 7:32-35<br>Mt 3:7-12 |
| **21**<br>Seventh Sunday of Resurrection<br>Isa 6:1-13, Acts 1:15-26<br>Phil 2:1-11, Mk 16:14-20 | **22**<br>2 Thess 2:13-17<br>Jn 4:3-15 | **23**<br>1 Cor 8:8-13<br>Lk 12:13-21 | **24**<br>1 Jn 4:12-21<br>Jn 17:1-5 | **25**<br>1 Jn 1:1-3<br>Lk 14:25-35 | **26**<br>1 Jn 2:22-25<br>Mt 24:7-14 | **27**<br>1 Cor 9:13-18<br>Mt 18:23-35 |
| **28**<br>Apostles 1st Sunday<br>The Feast of Pentecost<br>Ex 19:1-9, Acts 2:1-13<br>1 Cor 12:1-11, Jn 16:5-15 | **29**<br>1 Cor 14:26-33<br>Mt 11:25-30 | **30**<br>2 Thess 1:3-12<br>Mt 20:29-3431 | **31**<br>Rom 12:9-16<br>Lk 1:39-45 | | | |

# JUNE 2023

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | **1** St. Justin Heb 8:7-13 Jn 2:13-25 | **2** First Friday 1 Cor 12:31-13:13 Lk 7:11-23 | **3** 1 Cor 12:12-20 Jn 6:25-29 |
| **4** Second Sunday of Apostles Joel 2:18-26, Acts 4:8-22 Rom 5:1-5, Jn 16:12-15 | **5** Phil 3:16-21 Jn 11:17-27 | **6** 1 Cor 9:1-12 Jn 6:64-71 | **7** 1 Cor 6:12-20 Jn 6:37-44 | **8** St. Mariam Thresia 1 Cor 11:23-30 Jn 6:51-59 | **9** 1 Cor 3:18-23 Jn 6:45-50 | **10** Gal 2:1-10 Mt 10:16-22 |
| **11** Third Sunday of Apostles Deut 1:5-8, Isa 1:1-9 1 Cor 7:1-7, Lk 10:25-37 | **12** 1 Cor 12:18-27 Jn 6:30-36 | **13** St. Antony of Padua 1 Cor 2:1-10 Lk 10:1-9 | **14** Phil 2:12-16 Jn 4:39-42 | **15** 1 Cor 3:1-9 Lk 8:4-15 | **16** Rom 10:1-10 Jn 19:30-37 | **17** Eph 1:2-8 Lk 2:41-51 |
| **18** Fourth Sunday of the Apostles Deut 1:16-18, Isa 1:10-20 1 Cor 9:19-27, Lk 6:27-36 | **19** 2 Cor 1:3-7 Mk 5:25-34 | **20** Phil 1:12-18 Lk 10:38-42 | **21** 1 Cor 15:31-34 Mt 14:22-33 | **22** Sts. John Fisher and Thomas Moore 1 Cor 8:1-6, Mk 7:24-30 | **23** Gal 2:15-18 Mk 5:21-24, 35-43 | **24** Birth of John the Baptist Gal 4:1-7 Lk 1:57-66 |
| **25** Fifth Sunday of the Apostles Deut 1:33-46, Isa 1:21-31, 1Cor 14:1-12, Lk 12:22-34 | **26** 2 Cor 1: 8-11 Jn 16:25-33 | **27** Col 2:20-23 Mt 11:1-6 | **28** St. Irenaeus Rom 5:12-21 Mk 12:1-12 | **29** Sts. Peter and Paul 2Cor 11:21b-33 Jn 21:15-19 | **30** 1 Pet 3:14-18 Mt 13:24-30, 36-43 | |

K.J GEORGE
Cell: 9865259919

Nirmala MATHA
CHITS (TAMIL NADU) PVT.LTD
0422 6506785
0422 2536785

A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

☎ 0422-2523645
94439 13645
94893 63377

# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்



**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com



P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS
*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

**205-A, 11th STREET, GANDHIPURAM, COIMBATORE - 12**